# സൂര്യതേജസ്സോടെ

# എ.വി.ജി.എച്ച്.എസ് ,തഴവ



# മൊഴിമുത്തുകൾ.കോം



# എ.വി.ഗവൺമെന്റ്. എച്ച് .എസ് , തഴവ

## കരുനാഗപ്പള്ളി

# മൊഴിമുത്തുകൾ.കോം - 2019

**LK/2019/41035**

# STATEMENT OF OWNERSHIP AND PARTICULARS

| | |
|---|---|
| TITLE | : "മൊഴിമുത്തുകൾ.കോം" |
| PLACE | :THAZHAVA |
| PERIODICITY OF- | |
| PUBLICATION | : ANNUAL |
| PUBLISHERS NAME | : LITTLE KITES 2019-2020 TEAM ,A.V.G.H.S THAZHAVA |
| NATIONALITY | : INDIA |
| ADDRESS | : A.V.G.H.S, THAZHAVA |
| EDITORS | :LK/2019/41035 MEMBERS |

**I Sunil Kumar .R ,hereby declare that the particulars given above are true to the best of my knowledge and belief.**

# ഉള്ളടക്കം

എഡിറ്റോറിയൽ..............................................7
STUDENT EDITORIAL........................................8
ഞങ്ങളുടെ വിദ്യാലയം....................................10
ആശംസ....................................................12
ആദിത്യവിലാസം ഗവൺമെന്റ് ഹൈസ്കൂൾ, തഴവ.23
2019-2020 അധ്യയനവർഷത്തിലെ
പത്രത്താളുകളിലൂടെ......................................23
പരിവർത്തനത്തിന്റെ പാതയിൽ........................27
.................................................................29
Number patterns..........................................32
ന്യൂ ജനറേഷൻ മലയാളികൾ.............................34
നവകേരള പദ്ധതിയിൽ....................................36
കുട്ടികളുടെ പങ്ക്............................................36
IMPORTANCE OF TECHNOLOGY IN EDUCATION 37
സ്നേഹബന്ധം.............................................39

MY LIFE MY FRIEND........................................40
തത്തമ്മ.........................................................41
INKSCAPE.......................................................42
...................................................................42
ഒറ്റക്കതിരും ആനറാഞ്ചിപക്ഷിയും......................43
തത്തയും പൂച്ചയും ചങ്ങാതിമാർ.........................48
കുഞ്ഞിപ്പെങ്ങൾ..............................................49
മഴത്തുള്ളി......................................................50
രാത്രി.............................................................51
സ്വാതന്ത്ര്യം....................................................52
WHY GLOBAL CITIZENS SHOULD BE CARE.......54
ഇന്നത്തെ ലോകം...............................................55
സൂര്യൻ............................................................56
ഒരു എലിയുടെ ആത്മകഥ...................................57
8 WAYS TO STOP GLOBAL WARMING.............59
മാന്ത്രിക ആട്ടുകല്ല്...........................................60
NATURE “NATURE IS THE GIFT OF GOD..........64
എന്തുകൊണ്ട്? എന്തുകൊണ്ട്? എന്തുകൊണ്ട്?...65

STUDENT POLICE CADET.....................................66
ചിത്ര രചനയുടെ വേറിട്ട കാഴ്ചകൾ........................67
LITTLE KITES MEMBERS......................................75

# എഡിറ്റോറിയൽ

സ്കൂളിടങ്ങൾ വിശാലമായ അകത്തളങ്ങളായി മാറുമ്പോഴാണ് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ നൂതന ഭാവത്തിൽ മൊട്ടിട്ട് വിടരുന്നത് . താഴേക്ക് ആഴത്തിൽ വേരുകൾ പായിക്കാൻ വളക്കൂറുള്ള മണ്ണും മുകളിലേക്ക് ശാഖകൾ നീട്ടി വളരാൻ വിശാലമായ ആകാശവും ഉണ്ടെങ്കിൽ ഏതൊരു വൃക്ഷത്തിനും വളരാൻ കഴിയും അതുപോലെയാണ് വിദ്യാർത്ഥികളും .ഇന്നത്തെ വിദ്യാഭ്യാസ മേഖല വിശാലമായ ഇടങ്ങളാണ് വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്നത്. അതിന് ഉത്തമോദാഹരണമാണ് ലിറ്റിൽ കൈറ്റസ് പോലെയുള്ള സംരംഭങ്ങൾ. ആധുനിക സാങ്കേതിക വിദ്യയും സർഗ്ഗവാസനയും സമന്വയിപ്പിച്ചുകൊണ്ടാണ് ഇത്തരം ഡിജിറ്റൽ മാഗസിനുകൾ കുട്ടികൾ തയ്യാറാക്കിയിരിക്കുന്നത്.

"മൊഴിമുത്തുകൾ . കോം" എന്ന ഡിജിറ്റൽ മാഗസിൻ , ലിറ്റിൽ കൈറ്റസ് കൂട്ടായ്മയിലൂടെ രൂപപ്പെട്ടതാണ്. ഇതിന്റെ പ്രവർത്തനഘട്ടങ്ങളായ മലയാളം കംമ്പ്യൂട്ടിംഗ് , എഡിറ്റിംഗ് , അനിമേഷൻ എന്നിവയെല്ലാം വിദ്യാർത്ഥികളാണ് ചെയ്തത്. ഈ പ്രവർത്തനങ്ങളിൽ ഒരു വഴിവിളക്കാവുക മാത്രമായിരുന്നു കൈറ്റ് മാസ്റ്ററുമാരുടെയും ,SITC യുടെയും , എഡിറ്ററുടെയും ദൗത്യം. ആധുനിക സാങ്കേതിക വിദ്യകൾ ദിനംപ്രതി വളർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇ-വായനയ്ക്കും അതിന്റേതായ ഒരു സ്ഥാനമുണ്ട് . വിജ്ഞാനത്തിന്റെ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ വെമ്പുന്ന ഈ കുരുന്നു പ്രതിഭകളുടെ എളിയ സർഗ്ഗ സൃഷ്ടികൾ സസന്തോഷം ഇ- വായനക്കാർക്കായി സമർപ്പിക്കുന്നു.



VIDHUMOL.M

സ്ററാഫ് എഡിറ്റർ

# STUDENT EDITORIAL

പ്രപഞ്ചത്തിനെ അന്ധകാരത്തിൽ നിന്നും ഉണർത്തി വെളിച്ചമേകുന്ന ആദിത്യനെപ്പോലെ തഴവയെന്ന ഗ്രാമത്തിലെ ജനങ്ങൾക്ക് ജ്ഞാനത്തിന്റെ നിലയ്ക്കാത്ത വെളിച്ചം പകർന്നു നൽകിക്കൊണ്ടിരിക്കുന്ന പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ആദിത്യവിലാസം ഗവ. ഹൈസ്കൂൾ സൂര്യ തേജസ്സോടെ ജ്വലിച്ചു നിൽക്കുന്നു. മികച്ച പൗരന്മാരെ സൃഷ്ടിച്ചുവരുന്ന ആദിത്യവിലാസം ഗവ. ഹൈസ്കൂൾ വിദ്യാഭ്യാസ ,കലാ ,കായിക ,സാംസ്കാരിക മേഖലകളിൽ മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്നു. ആദിത്യവിലാസത്തിന്റെ മികച്ച വിജയങ്ങൾക്ക് പിന്നിൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന വഴികാട്ടികളായ അദ്ധ്യാപകർ , PTA ,SMC അംഗങ്ങളും സ്കൂളിന്റെ ശക്തിയാണ്.

ഈ കാലഘട്ടത്തിൽ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികളായി പഠിയ്ക്കാൻ ഞങ്ങൾക്കും ഭാഗ്യമുണ്ടായി. ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റി വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ചി ലിറ്റിൽ കൈറ്റ്സ് പദ്ധതി നമ്മുടെ സ്കൂളിലും ആരംഭിച്ചു ,ആയതിന്റെ ഭാഗമാകാൻ എനിയ്ക്കും കൂട്ടുകാർക്കും സാധിച്ചു. ലിറ്റിൽ കൈറ്റ്സിലൂടെ മറ്റു വിദ്യാർത്ഥികളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ IT പരിജ്ഞാനം നേടുവാനും പരിശീലിക്കുവാനും കഴിഞ്ഞു. മലയാളം ടൈപ്പിംഗ് ,അനിമേഷൻ ,ഗ്രാഫിക്സ് തുടങ്ങി നിരവധി ആപ്ലിക്കേഷനുകൾ പരിചയപ്പെട്ട് പരിശീലിക്കുവാൻ കഴിഞ്ഞു. ആയതിന്റെ തെളിവാണ് മൊഴിമുത്തുകൾ . കോം എന്ന ഇ- മാഗസിൻ . ഇതിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ബിജുവിക്രം സർ ,അംബിക ടീച്ചർ ,രശ്മിമോഹൻ ടീച്ചർ മറ്റ് അദ്ധ്യാപകർ ,സീനിയർ കൈറ്റ് വിദ്യാർത്ഥികൾ എല്ലാവരുടെയും ആശീർവാദത്തോടെ ലിറ്റിൽകൈറ്റ്സ് 2019-20 ബാച്ചിലെ കുട്ടികൾ തയ്യാറാക്കിയ മൊഴിമുത്തുകൾ . കോം എന്ന ഇ-മാഗസിൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

PRAVEEN



സ്റ്റുഡന്റ് എഡിറ്റർ

# ഞങ്ങളുടെ വിദ്യാലയം


കൊല്ലം ജില്ലാപഞ്ചായത്ത് കരുനാഗപ്പള്ളി ഉപജില്ല
എ.വി.ഗവ:ഹൈസ്കൂൾ, തഴവ.
മലയാളം & ഇംഗ്ലീഷ് മീഡിയം
3K NAVAL NCC UNIT KOLLAM
സി.രാജേന്ദ്രൻ സാറിന്
(DPETA)



## ആദിത്യവിലാസം ഗവൺമെന്റ്ഹൈസ്കൂൾ തഴവ, വളർച്ചയുടെ പാതയിൽ അതിവേഗം കുതിച്ചുപായുന്നു........





# ആശംസ

വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തമായവഹായസ്സിലേക്ക് പറന്നുയരുന്ന എ.വി.ജി.എച്ച്.എസ്സിലെലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഇ- മാഗസിനിൽ കുട്ടികളുടെസർഗ്ഗപരമായ മികവുകൾ വളരെ നല്ല രീതിയിൽഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ എല്ലാ വിധമായ ആശംസകളും നേരുന്നു.

**ശ്രീമതി. ശ്രീലേഖ വേണുഗോപാൽ**

**ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കൊല്ലം ജില്ലാ പഞ്ചായത്ത്**



# OUR HEAD MASTER



# ആശംസ

പ്രിയപ്പെട്ടവരെ,

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ 2019-21 ബാച്ചിലെ കൈറ്റുകൾ നമുക്കേവർക്കും വേണ്ടി ഇ-മാഗസിൻ തയ്യാറാക്കുന്നതിലൽ അഭിമാനം കൊള്ളുന്നു. പഠന സമയങ്ങൾ പാഴാക്കാതെ ഒഴിവ് സമയങ്ങളിലും അധിക സമയങ്ങളിലുമായി കൈറ്റ് വിദ്യാർത്ഥികൾ നമ്മുടെ 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികളിൽനിന്നും അവരുടെ സാഹിത്യ നിർമ്മിതികൾ ശേഖരിച്ച് ഒരു ഡിജിറ്റൽ മാഗസിൻതയ്യാറാക്കി **മൊഴിമുത്തുകൾ.കോം2019** എന്ന പേരിൽ നമുക്കേവർക്കും സമ്മാനിക്കുകയാണ്. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും കൈറ്റ് അംഗങ്ങൾ തന്നെയാണ് നടത്തിയിട്ടുള്ളത്. പരമാവധി സാഹിത്യരചനകൾ ഉൾപ്പെടുത്തി ഏ.വി.എച്ച്.എസ്സിന്റെ കലാപാരമ്പര്യം ഉയർത്തിക്കാട്ടാൻ കാവ്യധാര 2019 ന് സാധിച്ചു. ഇതിനായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തിയ ആത്മാർത്ഥമായ ശ്രമത്തെ അഭിമാനത്തോടെ, സന്തോഷത്തോടെ അംഗീകരിക്കുന്നു, പ്രശംസിക്കുന്നു.

**മൊഴിമുത്തുകൾ.കോം2019** എല്ലാവരിലേക്കും എത്തട്ടെ എന്ന് ആത്മാർത്ഥമായി - ആശംസിക്കുന്നു.

സുനിൽ കുമാർ .R
ഹെഡ് മാസ്റ്റർ

# PTA PRESIDENT

**മൊഴിമുത്തുകൾ.കോം2019** എന്ന ഇ- മാഗസിൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പഠനപ്രവർത്തനം എന്നതിലുപരി വിവരസാങ്കേതിക വിദ്യയുടെ കൂടുതൽ മേഖലകളിലേക്ക് കടന്നുചെല്ലുവാൻ ഉള്ള ഒരു അവസരമാക്കിപ്രയോജനപ്പെടുത്തുകയും അതിലൂടെ തഴവ ആദിത്യ വിലാസം ഹൈസ്കൂളിന്റെ യശസ്സും ,പാരമ്പര്യവും പുറംലോകത്തേക്കെത്തിക്കാനും സാധിക്കുന്ന തരത്തിൽ തയ്യാറാക്കിയ ഇ- മാഗസിൻ നമുക്കേവർക്കും അഭിമാനം പകരുന്നതാണ്. മാത്രമല്ല ആദിത്യവിലാസത്തിന്റെ മികവുകൾ എന്നുംസൂക്ഷിക്കപ്പെടാവുന്ന രീതിയിലേക്ക് മാറുന്നുഎന്നത് സന്തോഷകരമാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും, അതിന് നേതൃത്വം നൽകിയ അധ്യാപകർക്കും **മൊഴിമുത്തുകൾ.കോം2019** എന്ന ഇ- മാഗസിനും എല്ലാവിധ നന്മകളും നേരുന്നു.



പി.ടി.എ പ്രസിഡന്റ്,

പോണാൽ നന്ദകുമാർ

# SMC CHAIRMAN

ഏറെ സന്തോഷം. അക്ഷരങ്ങളുടെ മായിക പ്രപഞ്ചമായി

കുരുന്നുകളുടെ ഭാവനകൾ വിടരുകയാണ് ഇ- പുസ്തകത്തിന്റെ

താളുകളിൽ....

നിറമുള്ള... നിലാവ് പരക്കുന്ന സൃഷ്ടികളിലൂടെ പുതിയ ചരിത്രം-

ഉയരട്ടെ...

നമ്മുടെ വിദ്യാലയത്തിന് പകിട്ടും പ്രൗഢിയും

വർദ്ധിക്കാൻ ഈ സംരംഭത്തിലൂടെ

ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

അക്ഷര സ്നേഹത്തോടെ,



ഷിബു . എസ് തൊടിയൂർ

# SENIOR ASSISTANT

വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി ഉന്നതങ്ങളിലെത്താൻ കരുത്തുറ്റ പരിശ്രമങ്ങളിലേർപ്പെടുന്ന എ.വി.എച്ച്.എസ്- ലെ ലിറ്റിൽ വിഭാഗം കുട്ടികളും അവരെ അതിന് എല്ലാ അർത്ഥത്തിലും പ്രാപ്തരാക്കുന്ന അദ്ധ്യാപകരും ചേർന്ന് തയാറാക്കിയ "മൊഴിമുത്തുകൾ.കോം2019" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേർന്ന് കൊള്ളുന്നു.

കെ. ഹസീന



# STAFF SECRETARY

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ ഈ സംരംഭത്തിന് എല്ലാ വിധത്തിലിമുള്ള ആശീർവാദങ്ങളും അനുഗ്രഹങ്ങളുംനേരുന്നു. തുടർന്ന് നമ്മുടെ വരുന്ന തലമുറയ്ക്ക് ഇത് പ്രചോദനം നൽകുകയും മാർഗ്ഗദീപമാകാനും ഉതകട്ടെ എന്ന് ആശംസിക്കുന്നു.



**N. K . VIJAYAKUMAR**

# S. I. T. C

നിർമ്മിതബുദ്ധി ലോകം ഭരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ഐ.ടി സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ പഠിക്കാൻ അവസരം കിട്ടിയതിൽ ഏറെ സന്തോഷിക്കുന്നു. ഹൈടെക് ക്ലാസ്സുകളുടെ കാവലാളുകളായി നമ്മുടെ കുഞ്ഞുങ്ങൾ മാറിയപ്പോൾ ഹാർഡ് വെയറിന്റെ അറിവുകൾ അവരറിയാതെ നേടാനായി . മാത്രമല്ല ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിലൂടെ വിവിധങ്ങളായ മേഖലയിൽ അവർ ആർജിച്ച അറിവ് കൂടുതൽ ഉറപ്പിക്കാനും മറ്റു പല ആപ്ലിക്കേഷനുകൾ സ്വയം പഠിക്കാനും നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിഞ്ഞു ഇതിന്റെ തെളിവാണ് "**മൊഴിമുത്തുകൾ . കോം**" . ആദിത്യവിലാസം സ്കൂളിലെ കുരുന്നുകളുടെ ഭാവന ഒരിക്കലും മായാത്ത ഡിജിറ്റൽ രൂപത്തിലേക്ക് മാറിയതിന് പിന്നിൽ പ്രവർത്തിച്ച ഇതിന്റെ അമരക്കാരായ ബിജു വിക്രം സാറിനും രശ്മി ടീച്ചറിനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.............



AMBIKA .S

# കൈറ്റ് മാസ്റ്റർ

പൊതുവിദ്യാഭ്യാസ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ ആവശ്യം മനസ്സിലാക്കി വിദ്യാഭ്യാസ വകുപ്പ് പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായി പ്രവർത്തിക്കുന്ന കൈറ്റ് മാസ്ററർ ബയോളജി അദ്ധ്യാപകനായ എനിക്ക് വളരെയേറെ സംതൃപ്തിയുണ്ട് ,കാരണം ഐ . റ്റി സംബന്ധമായ കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുവാനും അയത് വിഷയസംബന്ധമായി ക്ലാസ്സുകളിൽ പ്രായോഗികമാക്കാനും സാധിക്കുന്നു. കൈറ്റ് അംഗങ്ങളായ കുട്ടികളിൽ ഭൂരിഭാഗവും താൽപര്യത്തോടെ ഭംഗിയായി പ്രവർത്തനങ്ങളിൽ പങ്കെടുത്തുവരികയും , മറ്റുകുട്ടികളിൽ നിന്നും വ്യത്യസ്ഥമായി കൂടുതൽ കംമ്പ്യൂട്ടർ പരിജ്ഞാനം ആർജ്ജിച്ചുവരികയും ചെയ്യുന്നു. ഇവർക്കാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ,പിൻതുണകളും ,പരിശീലനപ്രവർത്തനങ്ങളും യഥാവിധി നൽകികൊണ്ടിരിക്കുന്ന കൈറ്റ് കൊല്ലം ഞങ്ങളുടെ പ്രേരണയും ശക്തിയുമാണ് . കൈറ്റ്സ് പദ്ധതിയുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി A.V.G.H.S ,തഴവ തയ്യാറാക്കിയ "**മൊഴിമുത്തുകൾ.കോം2019**" എന്ന മാഗസിനിൽ കുട്ടികളുടെ മികവുകൾ മിന്നിത്തെളിയുന്ന , ഇതിനുപിന്നിൽ പ്രവർത്തിച്ച A.V.G.H.S- ലെ എല്ലാ അംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.



**BIJU . B . VIKRAM**

## കൈറ്റ് മിസ്ട്രസ്സ്

ഐ.റ്റി എന്ന അത്യാധുനിക മേഖല ഉന്നതിയിൽ നിൽക്കുന്ന ഈ കാലത്ത് അതിന്റെ പ്രാധാന്യത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാനും അതിലേക്ക് ഇറങ്ങിച്ചെല്ലാനും, അതിന്റെ ഭാഗമായി മാറാനും നമ്മുടെ ലിറ്റിൽ കൈറ്റ്സിന് കഴിഞ്ഞു എന്നത് വളരെ സന്തോഷമുള്ള ഒരു കാര്യമാണ്. നമ്മുടെ സ്കൂളിലെ കുട്ടികളുടെ സർഗ്ഗവാസനകൾ പുറത്ത് കാണിക്കുവാനുള്ള ഒരവസരമായി ലിറ്റിൽ കൈറ്റ്സിന് ഇ- മാഗസിൻ തയ്യാറാക്കാൻ സാധിച്ചു. ഇത് സ്കൂളിന്റെ മികവുകളിൽ ഒന്നായി മാറുമെന്നതിൽ ഒരു തർക്കവുമില്ല. മലയാളം ടൈപ്പിംഗ്,ജിമ്പ് മറ്റു ചില സോഫ്റ്റ്‌വെയറുകൾ എന്നിവ ഉപയോഗിച്ച്നിർമ്മിച്ച മൊഴിമുത്തുകൾ.കോം2019 ന് നമ്മുടെ സ്കൂളിന്റെ യശസ്സുയർത്താൻ കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



**രശ്മി. ആർ. മോഹൻ**

ആധുനിക വിദ്യാഭ്യാസരീതിയിൽ വിവരസാങ്കേതിക വിദ്യയുടെ നൂതനമായ സാധ്യതകൾ പൊതുവിദ്യാലയങ്ങളിൽ സാധ്യമാക്കി വിദ്യാർത്ഥികളുടെ കാര്യക്ഷമതയും അറിവും ഉയർത്തുന്നതിന് പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ്മുറികൾ ഹൈടെക്കാക്കി മാറ്റിയ വിദ്യാഭ്യാസ വകുപ്പിന്റെയും , സാധ്യമായ എല്ലാ പിൻതുണകളും സാഹചര്യങ്ങളും ഒരുക്കി തന്ന കൈറ്റ് കൊല്ലത്തിന്റെയും പേരിൽ ആദിത്യവിലാസം ഗവൺമെന്റ് ഹൈസ്കൂൾ , തഴവ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കി എല്ലാ നല്ലവരായ ഇ -വായനക്കാർക്കും വേണ്ടി "മൊഴിമുത്തുകൾ.കോം2019" എന്ന ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.

# സമർപ്പണം

# ആദിത്യവിലാസം ഗവൺമെന്റ് ഹൈസ്കൂൾ, തഴവ

## 2019-2020 അധ്യയനവർഷത്തിലെ

## പത്രത്താളുകളിലൂടെ......



QK നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

തഴവ ആദിത്യ വിലാസം ഗവ .ഹൈസ്കൂളിൽ നടത്തിയ ലഹരി വിരുദ്ധ സൈക്കിൾ റാലി ഹെഡ് മാസ്റ്റർ ആർ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

### ലഹരിവിരുദ്ധ സൈക്കിൾ റാലി

ഓച്ചിറ: തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂൾ എൻ.സി.സി., എസ്.പി.സി, ജെ.ആർ.സി യൂണിറ്റുകളുടെയും കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിന്റെയും ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ സൈക്കിൾ റാലി സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ ആർ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. എസ്.എം.സി ചെയർമാൻ ഷിബു എസ്. തൊടിയൂർ, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീമോൾ, ഷിബി, അദ്ധ്യാപകരായ പൂനം മാത്യു, വിജയലക്ഷ്മി, സ്മിത ജോൺ, എൻ. കെ. വിജയകുമാർ, സഫീന തുടങ്ങിയവർ നേതൃത്വം നൽകി.

# കലോൽസവം -ഓവറോൾ ട്രോഫിയുമായി



കരുനാഗപ്പള്ളി ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കിയ തഴവാ എ.വി.ബോയ്സ് ഹൈസ്കൂളി വിദ്യാർത്ഥികൾ ട്രോഫിയുമായി





ജില്ലാ കലോത്സവം: കെ

1.7 ലക്ഷം



കോൽക്കളി-എച്ച്.എസ്. (എ.വി. ഗവ. ബി.എച്ച്.എസ്., തഴവ)

# വിവിധപ്രവർത്തനങ്ങളിലൂടെ എ.വി .എച്ച്.എസ്



യാള ഭാഷാ വാരാചരണത്തിന്റെ ഭാഗമായി തഴവ എവി ഗവ.ഹൈസ്കൂളിലെ കുട്ടികൾ അ
പ്പ മലയാള ഭാഷാ നൃത്ത ശിൽപം



തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിൽ എസ്പിസിയ
നേതൃത്വത്തിൽ നടത്തുന്ന ഹരിതഭൂമി പദ്ധതിയുടെ ഉദ്ഘ
ആർ.രാമചന്ദ്രൻ എംഎൽഎ നിർവഹിക്കുന്നു.



## പ്ലാസ്റ്റിക് വിരുദ്ധ ബോധവത്കരണം

തഴവ എ.വി. ഗവ. ഹൈസ്കൂൾ സീഡ് ക്ലബ്ബിൻെറ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്ലാസ്റ്റിക് വിരുദ്ധ പോസ്റ്റർ രചനാമത്സരത്തിൽ പങ്കെടുത്ത കുട്ടികൾ രചനകളുമായി

...ച്ചിറ ▸ തഴവ ആദി
...സം ഗവ. ഹൈ
... ക്ലബ്ബിൻെറ

മുദ്രാവാക്യമുയർ...
പോസ്റ്റർ രചനാ...
ക്ലാസ് തുട...



## തഴവ എ.വി.എച്ച്.എസിൽ 'എന്റെ കൈയ്യൊപ്പ് എന്റെ മലയാളത്തിൽ ' മഹോത്സവം

തൊടിയൂർ: മാതൃഭാഷാ വാരാചരണത്തിന്റെ ഭാഗമായിതഴവ ആദിത്യവിലാസംഗവ.ഹൈസ്കൂൾ മലയാളം ക്ലബിന്റെയും മലയാള ഐക്യവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ 'എന്റെ കൈയ്യൊപ്പ് എന്റെ മലയാളത്തിൽ ' എന്ന പേരിൽ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടി ഒപ്പിടീൽ മഹോത്സവം സംഘടിപ്പിച്ചു.

സൗദാംബിക ടീച്ചർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് പോണാൽ നന്ദകുമാർ അദ്ധ്യക്ഷതവഹിച്ചു.

ഐക്യവേദി കരുനാഗ...

എന്റെ കൈയ്യൊപ്പ് എന്റെ മലയാളത്തിൽ ' മഹോത്സവത്തിൽ പങ്കെടുത്ത തഴവ എ.വി ഗവ: ഹൈസ്കൂളിലെപത്താംക്ലാസ്വിദ്യാർത്ഥികൾമലയാളത്തിൽഒപ്പിടുന്നു



## തഴവ ഹൈസ്കൂളിൽ പാഠപുസ്തകം അമ്മമാരുടെ വിരൽത്തുമ്പിൽ

● പാഠപുസ്തകത്തിലെ ക്യൂ.ആർ കോഡ് മൊബൈൽ ഫോണിൽ സ്കാൻ ചെയ്താണ് പുസ്തകങ്ങൾ അമ്മമാരുടെ കൈകളിൽ എത്തിക്കുന്നത്

**തഴവ:** ഹൈസ്കൂൾ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അമ്മമാരുടെ വിരൽതുമ്പിൽ എത്തിക്കുന്ന പദ്ധതിക്ക് തഴവ എ.വി ഗവ. ഹൈസ്കൂളിൽ തുടക്കമായി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി സ്കൂൾതല മാതൃശാക്തീകരണ ഐ.ടി അധിഷ്ഠിത പരിശീലന പരിപാടിയാണ് ആരംഭിച്ചത്.

പാഠപുസ്തകത്തിലെ ക്യൂ.ആർ ...

തഴവ എ.വി. ഗവ. ഹൈസ്കൂളിൽ ആരംഭിച്ച സ്മാർട്ട് അമ്മ പദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ ആർ. സുനിൽകുമാർ നിർവഹിക്കുന്നു



ഭാഗ്യശ്രീ
കഥാരചന ഹിന്ദി.
എച്ച്.എസ്. (എ.വി.
ഗവ. ബി.എച്ച്.എസ്.,
തഴവ)



ജില്ലാ സ്കൂൾ കലോത്സവം എച്ച്എസ് വിഭാഗം കന്നട കവിതാ രചനയിൽ ഒന്നാം സ്ഥാനം നേടിയ എസ് ആർ രേവതി (തഴവ എവി ഗവ. ഹൈസ്കൂൾ)

തുടർച്ചയായി 33–ാം തവണയും കരുനാഗപ്പള്ളി
ഉപജില്ലാകലോത്സവത്തിൽ ഓവറോൾ നേടിയ A.V.G.H.S ടീം







## പ്രതിഭ തെളിയിച്ച നമ്മുടെ ചുണക്കുട്ടികൾ

# എ.വി.ഗവൺമെന്റ്. എച്ച് .എസ് , തഴവ



## ഭാവിയുടെ എ.വി.എച്ച് .എസ് –മാതൃക





## മായാത്ത സൗഹൃദംപരിധിയ്ക്ക് പുറത്താകുമ്പോൾ .....

"827l...താങ്കൾ വിളിയ്ക്കുന്ന വ്യക്തി പരിധിയ്ക്ക് പുറത്താണ്""
"ഇവനാ ഫോംഎണ്ണൊന്ന് എടുത്താലെന്താ"? ജനലഴികളിൽ പിടിച്ചപ്പൊൾ അതും കരഞ്ഞിരുന്നു; ചിലമ്പിച്ച ശബ്ദത്തോടെ.

"മനു,നീയിതൊന്നു എടുത്ത് കഴിയ്ക്ക്. എന്നിട്ട് വിളിക്കാം, ആരെയായാലും" കണ്ണ്നീർ അടർന്ന് വീണപ്പോൾ അവിടെയിരുന്ന ഭക്ഷണത്തിന് ഉപ്പ് ലെവലായി. അപ്പോഴും അവൻ ഫോണിൽ ചികയുകയായിരുന്നു; അവനെ വടക്കൻ കാറ്റ് ആഞ്ഞ് വീശിയതസ്വസ്ഥനായി നടന്ന മനുവിനെ നോക്കി അവർ ചോദിച്ചു "നീയിതാരെയാ വിളിക്കുന്നത്? ആ ദത്തിനെയാണോ? ഇത്രയ്ക്ക്ങ്ങ് സ്നേഹം കാണിക്കാൻ അവൻ നിന്റെയാരാ? എടാ, ചെകുത്താനേ വല്ലവരും നിനക്ക് ഭ്രാന്താണെന്ന് പറയും" അവരെ അപ്പാടെ ദഹിപ്പിക്കുന്ന നോട്ടം മറുപടിയാക്കിയിട്ട് മനു തിരിഞ്ഞു നടന്നു. അമ്മയ് ക്കറിയില്ലല്ലോ ഒന്നും; അല്ല അറിയേണ്ടല്ലോ ഒന്നും" അല്ല അറിയയേണ്ട ല്ലോ ഒന്നും" പിറുപിറുത്തത് അവർ കേട്ടില്ലെന്ന് തോന്നുന്നു. അല്ലെങ്കിൽ ഒരു മറുപടി ഇപ്പോൾ കിട്ടിയേനെ . ആർതലച്ചു പെയ്യുന്ന മഴ മനസിനെ മാത്രം പുളകം കൊള്ളിച്ചില്ല. ഇപ്പോഴും നീറുകയാണ്; പുകഞ്ഞ് പൊള്ളുകയാണ് ; എന്തിനോവേണ്ടി...... ആർക്കോവേണ്ടി ........

"അല്ല , ഇവിടെ വെറുതെ വന്നിരുന്ന് ശമ്പളം പറ്റാൻ ഇത് നിന്റെ അച്ഛന്റെ വകയാണോടാ"? പെട്ടെന്നായിരുന്നു മുതലാളിയുടെ അസ്ത്രം തൊടുത്തു വിടുന്നത് പോലെയായിരുന്നു ചോദ്യം. അവർക്കൊക്കെ വെച്ചുണ്ടാക്കാനാടാ നിന്നെയൊക്കെ ഇവിടെ നിർത്തിയേക്കുന്നേ. അതിന്റെടക്കാ അവന്റെയൊരു സ്വപ്നം കാണല്." കുമിഞ്ഞ് കൂടിയ എച്ചിൽപാത്രങ്ങളിൽ അവന്റെ പത്ത് വിരലുകളും ഇടവേളയില്ലാതെ സഞ്ചരിച്ചു. സ്വന്തം വിധിയെ പഴിച്ച് അവൻ പ്രാർത്ഥിച്ച ദിവസം. ഒരു മാസത്തെ നീണ്ട കഷ്ട്പാടിന്റെപ്രതിഫലം പറ്റി ഏഴ് മണിയായപ്പോൾ അവൻ അവിടെ നിന്നും ഇറങ്ങി. അപ്പോഴും അവന്റെ കണ്ണ് ഫോണിൽ പരതുകയായിരുന്നആരെയോ;എന്തിനെയോ. "ദി പേഴ്സൺ യൂ ഹാവ് കോ

ൾ ഈസ് ഔട്ട് ഓഫ് കവറേജ് ഏരിയ;താങ്കൾ വിളിക്കുന്ന വ്യക്തി…" ഇങ്ങനെ പല രീതിയിലായി അതിങ്ങനെ ഒരെ മന്ത്രം ഉരുവിട്ട് കൊണ്ടിരുന്നു. അമ്മ ഉമ്മരപ്പടിയിൽ തന്നെയിരിപ്പുണ്ട്. "എടാ, ചെറുക്കാ പോയി വല്ലതും കഴിക്ക് ഓ, നിന്റെയീ കന്ത്രാണ്ടം ഞാൻ ഒരു ദിവസം എറിഞ്ഞൊടയ്ക്കും. ഓ… അവനെയായിരിക്കും, ആ ദത്തിനെ. ഞാ പറഞ്ഞിട്ടെന്താ, എന്റെ മോന് കൂട്ട് ഒരു കണ്ണനായിട്ടല്ലേ. എടാ, നിനക്ക് ഭ്രാന്താണെന്ന് വലവരും പറയും ഓ… എന്തിനാ?" "അമ്മേ… അവനെ കണ്ണനെന്ന് മാത്രം വിളിക്കരുത്." എന്തുകൊണ്ടോ അവന്റെ തൊണ്ടയിടറി. "പിന്നെ എന്താടാ വിളിക്കേണ്ടെ അവനെ?"

"സാഹചര്യം കൊണ്ട് അവനെന്തോ ചെയ്യുന്ന് വച്ച് ഇങ്ങനെയാ പറയുക?". "ഓ നിനക്കെന്നും നിന്റെ കൂട്ടുകാരൻ പുണ്യാളനാ. പക്ഷെ തെറ്റ് ചെയ്യേങ്കിൽ അവൻ കള്ളനാ. ഞാനൊന്നും പറഞ്ഞാൽ  നിനക്കിഷ്ടലെ ശാന്തമില്ലായിരുന്നു. അങ്ങനെ ഒരിക്കൽ കൂടി അവനാ കെട്ടഴിച്ചു; അവനെക്കൊണ്ട് അഴിപ്പിച്ചു . കാലത്തിന്റെ ബന്ധനം കൊണ്ട് അന്നേ മുറുകിയ ആ കെട്ട്… അമ്പലത്തിലെ ഉത്സവവും കഴിഞ്ഞ് എന്തൊക്കെയോ പറഞ്ഞ് നടന്ന് നടന്ന് ഞങ്ങൾ ചെന്നുകയറിയത്  എന്റെ വീട്ടിലായിരുന്നു. ദത്തിനാണെങ്കിൽ ആകെയുണ്ട സമ്പാദ്യം ഇന്നോ നാളെയോ എന്ന് പറഞ്ഞ് കിടക്കുന്ന ഒരു മുത്തശ്ശിയാണ്. മൂക്കറ്റം അടിച്ച് കിറുങ്ങിയാണവന്റെ നില്പ്

"അല്ലാ, അളിയനറിയാമല്ലോ അവറുടെ കാര്യം, ഇന്നോ നാളെയോ….ആർക്കറിയാം!"അത് പറഞ്ഞപ്പോൾ ദത്തിന്റെ കണ്ണ് ചുവന്നിരുന്നു. ആടിക്കുഴഞ്ഞുണ്ട അവന്റെ സംസാരം എന്നെ ഭയപ്പെടുത്തി. അങ്ങനെ ഞാൻ പേടിച്ചിരുന്നത് തന്നെ സംഭവിച്ചു. അളിയനിപ്പോൾ താഴെയാണ്. എന്നാലും എണീക്കില്ല. അവിടെ കിടന്നു കൊണ്ട് ഉണ്ടതും ഇല്ലാത്താതുമെല്ലാം പറഞ്ഞു. പറഞ്ഞ്  പറഞ്ഞ് ഒരു പരുവമായപ്പോൾ ഞാൻ തന്നെ താങ്ങിയെടുത്ത് എന്റെ മുറിയിൽ കൊണ്ടു വന്ന് കിടത്തി. എന്റെ ഭൗതിക ശരീരം  ഇവിടെയായിരുന്നെങ്കിലും മനസ് ദത്തിന്റെ വീട്ടിലായിരുന്നു. അവന്റെ മുത്തശ്ശി യെക്കുറിച്ചാലോചിച്ച് എപ്പഴോ ഉറങ്ങി. അന്നേരമെല്ലാം അവരെ സഹായിക്കണമെന്ന ചിന്തയായിരുന്നു മനസ്സ് നിറയെ. സൂര്യന്റെ രശ്മികൾ മൂടിയിരുന്ന പുതപ്പും തുളച്ച് കടന്ന് എന്റെ മുഖത്തടിച്ച് എന്നെ വിളിച്ചുണർത്തി. വെറുതെ ഒന്ന് പരതിയപ്പോൾഅവനില്ല. എന്റെ നെഞ്ചൊന്ന്പാളിപ്പോയി.

“ഇവനിതെവിടെപോയി? എണീറ്റ്പോയോ?” എന്നിങ്ങനെ പല ചോദ്യങ്ങളും മനസിൽ രൂപപ്പെട്ട് വന്നെങ്കിലും ഒന്നിലും ശ്രദ്ധ പതിഞ്ഞില്ല. “എടാ, മോനേ ഇവിടെ വച്ചിരുന്ന ഏഴായിരം രൂപ കാണുന്നില്ലടാ”. തൊണ്ട പൊട്ടുമാറുച്ചത്തിലുണ്ട അമ്മയുടെ ശബ്ദം ചിന്തയിൽ നിന്നവനെ വേർപെടുത്തി. എനിക്കത് വിശ്വസിക്കാവുന്നതിലുമപ്പുറമായിരുന്നു. “ദത്ത് കണ്ടനോ! അവനെന്തിനാ എന്നോടിങ്ങനെ?”.ഒരു നിമിഷനേരത്തേക്ക് ഞാൻ അവനെ വെറുത്തോ ? ശ്വാസം ഉടക്കിക്കുടനത് പോലെ ”.ചിന്തിച്ച് ചിന്തിച്ച് തലയും ചൊറിഞ്ഞവൻ ഇരുന്നു. മനു അപ്പോൾ ഒരുപാട് കരഞ്ഞിരന്നു . പിറ്റേന്ന് ജോലിക്ക് പോകാനിറങ്ങിയതാണ്അവൻ. വഴിയുംമറന്ന് , വണ്ടിയും മറന്ന്

നിരത്തിലൂടെ അവൻ നടന്നു. തുളച്ചിറങ്ങുന്നത് പോലെയുണ്ട മുതലാളിയുടെ ശബ്ദമോന്നും കെട്ടില്ല. രജിസ്റ്ററിൽ ഒപ്പം പതിച്ച് ടേബിളും തുടച്ച് കൊണ്ട് അവൻ നിന്നപ്പോൾ അവന് അഭിമുകമായി ഇരുന്നത് ഇതേ ദത്ത് തന്നെയായിരുന്നു. നിമിഷ നേരത്തേക്കായാൽ പോലും ഒന്നുറക്കെ അലറിയാലെന്തെന്നവൻ വിചാരിച്ചു. തൊണ്ട ആകെ വരമ്ട്ടു പൊട്ടുന്നത് പോലെ. അവന് മുന്നിൽ ഭക്ഷണം വച്ചപ്പോൾ എന്ത് ചെയ്യണമെന്നറിയില്ലായിരുന്നു. അവന്റെകണ്ണ് അഗ്നി പോലെ വൃക്തി പരിധിയ്ക്ക് പുറത്ത് . അപ്പോഴും വെമ്പിയകാർമേഘം കരഞ്ഞിരുന്നു.

ഗൗരി .എസ്

IX- B



# Number patterns

## A list of numbers that follow a certain sequence or patterns

1x1 =1

11x11=121

111x111=12321

1111x1111=1234321

11111x11111=123454321

111111x111111=12345654321

1111111x1111111=1234567654321

11111111x11111111=123456787654321

111111111x111111111=12345678987654321

1x9+2=11
12x9+3=111
123x9+4=1111
1234x9+5=11111
12345x9+6=111111
123456x9+7=1111111
1234567x9+8=11111111
12345678x9+9=111111111
123456789x9+10=1111111111

# ന്യൂ ജനറേഷൻ മലയാളികൾ

സമകാലീന തലമുറയും പുതുതലമുറയും നവമാധ്യമങ്ങളുടെയും ന്യൂജനറേഷൻ ആശയങ്ങളുടെയും പിന്നിൽ പായുകയാണ്. പ്രാചീനകേരളവും പുതുകേരളവും തമ്മിൽ ഒരുപാടൊരുപാട് വ്യത്യാസങ്ങൾ നമുക്ക് കാണുവാനും കേൾക്കുവാനും അനുഭവിച്ചറിയാനുമുണ്ട്. കേരളീയതയുടെ തനിമയും സംസ്കാരപൈതൃകങ്ങളും ശാലീനതയും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. എന്തിനുപറയണം ഇപ്പോഴത്തെ മലയാളികളുടെ ഭക്ഷണം തന്നെ അതിന് ഉത്തമ ഉദ്ദാഹരണമാണല്ലോ. ന്യൂഡിൽസും, പിസ്സായും, ബർഗറും, സാൻവിച്ചും പോലുള്ള ഫാസ്റ്റ് ഫുഡുകൾ കുട്ടികളുടെ മനസ്സിൽപോലും കയറിപ്പറ്റിയിരിക്കുകയാണ്. കേരം തിങ്ങും കേരളനാട്ടിൽ 'റെഡിമെയ്ഡ് കോക്കനട്ട് പൗഡർ' നിലകൊള്ളുന്നു. പുരാതന വസ്തുവെന്ന് പറഞ്ഞും അമ്മിക്കല്ലും ആട്ടുകല്ലും ഒരു കടയിലും കാണാനില്ല. വരും നാളുകളിൽ ചിലപ്പോൾ അത് മ്യൂസിയങ്ങളിൽ കണ്ടേക്കാം. പഴങ്കഞ്ഞി, പഴഞ്ചോറ് പോട്ടെ തലേന്ന് വെച്ച അച്ചാറുകൾ പോലും ഇന്നത്തെകുട്ടികൾക്ക് അപ്രിയമായിരിക്കുന്നു. വലിയ ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ 'റൈസ് സൂപ്പ് ' എന്ന പേരിൽ കഞ്ഞിവെള്ളം അല്ലെങ്കിൽ കഞ്ഞി തന്നെ എന്നു പറയാം, അത് വിദേശികൾക്കായി ഒരുക്കിവെച്ചിരിക്കുന്നു എന്ന് കേൾക്കുന്നത് മലയാളികൾക്ക് ഒരു കൗതുകം ഉണർത്തുന്ന കാര്യംതന്നെയാണ്.

പിന്നീട് പറയാൻ ഏറ്റവും കൂടുതൽ അപമാനകരവും വിശമകരവുമായ ഒരു കാര്യം തന്നെയാണ് കേരളീയരുടെ വസ്ത്ര സങ്കല്പത്തിൽ വന്നുകൂടിയിട്ടുള്ളത്. 1990 കളിലൊക്കെ സ്വന്തം ശരീരം മറയ്ക്കാൻ വേണ്ടി പാടുപെടുന്ന ജനങ്ങളായിരുന്നു ഈ ഭൂലോകത്തുണ്ടായിരുന്നത്. ഇപ്പോൾ അത് കഴിഞ്ഞ് 30 വർഷം കൂടി തികയുന്നില്ല. അതിനിടയ്ക്ക് ജനങ്ങൾ സ്വന്തം ശരീരം മറയ്ക്കാൻ പാടുപെടുന്നവരായിത്തീർന്നു. പരമ്പരാഗതമായ പല വസ്ത്രങ്ങളും മലയാളികൾ 'കംഫർട്ടബിൾ' അല്ലത്രെ... 'ലെഗിൻസ് ' തരംഗം അവിടെയും നമുക്ക് കാണാം. കാലത്തിന്റെ വിധി. അതെല്ലാം തന്നെയും മുഖ്യധാര വേഷങ്ങളായിക്കഴിഞ്ഞിരിക്കുന്നു. അതേപോലെ കീറിപ്പറിഞ്ഞ പാൻസ് ധരിക്കണം എന്ന മോഹത്തോടെ പാൻസുകൾ സ്വന്തമായി കീറിപ്പറിക്കുന്നതും. പണം ഉണ്ടായാൽ പോലും വെട്ടിയൊതുക്കാത്ത തലമുടിയും ഇരുചക്രവാഹനങ്ങൾ സ്വന്തമായി ഓടിക്കുമ്പോൾ 80 കി.മി. വേഗം വെറും പയ്യെയാണെന്ന് പറയുന്നതുമെല്ലാം നമ്മുടെ 'ഡ്യൂഡ് 'കൾക്കും 'ബ്രോ'കൾക്കും പിന്നീട് നമ്മുടെ സ്വന്തം ഫ്രീക്കന്മാർക്കും ഇടയിൽ ഒരു 'ടെന്റ് ' ആണത്രേ.

പണ്ടൊക്കെ ഈ കമ്പ്യൂട്ടർ എന്ന പറയുന്ന സാങ്കേതികവിദ്യകളൊക്കെ ഒരു മുറിയുടെയത്രെയും വലിപ്പത്തിലായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് അതിനെ നാം

ചെറുതാക്കിച്ചെറുതാക്കി നമ്മുടെ കൈപ്പത്തിയേക്കാൾ ചെറുതാക്കി നാം പോക്കറ്റിലിട്ട് നടന്നത്, ഇപ്പോൾ അതിനെ മനുഷ്യർ വീണ്ടും വലുതാക്കിവലുതാക്കി വെറും നേർത്തഫോണുകൾ വരെയാക്കി. ഒന്നു പോറിയിൽ ഒരുലക്ഷം രൂപ പൊട്ടിത്തീരുന്ന തക്കത്തിലുള്ള ഫോണുകൾ പോലും മലയാളികൾക്ക് ഒരലങ്കാരമായി തീർന്നു. തൊട്ടടുത്ത വീട്ടുകാരമായി കാണാനൊ സംസാരിക്കാനൊ മലയാളികൾക്ക് എവിടുന്നാണ് സമയം? എങ്കിലും ചാറ്റിങ്ങ് ഒരു വിനോദമാക്കി മലയാളികൾ ചീറ്റിങ്ങിൽ പെടുന്ന സംഭവങ്ങൾ ഒട്ടേറെ നടക്കുന്നുണ്ട്.

ഇന്ന് ടീസറുകളുടെ അകമ്പടിയോടെയാണ് മലയാളി വിവാഹങ്ങൾ.വിവാഹത്തിന് മുമ്പേ തിരക്കഥയും തയ്യാറാക്കി അഭിനയിക്കുന്നവർ ശേഷം ജീവിതമാകുന്ന യാഥാർഥ സ്ക്രീനിൽ അഭിനയിച്ച് ജീവിക്കാൻ കഷ്ടപ്പെടുന്നു.

അലക്കുകടകൾ 'ക്ലീൻബോക്സ്'ആയും മുടിവെട്ട് കടകൾ 'സലൂണുകളും' 'ബ്യൂട്ടിപാർലറുകളുമായും' തയ്യൽക്കടകൾ 'ബൊട്ടീക്കുകളുമായും' തേപ്പുകട 'അയൺ ഷോപ്പ്' ആയും പരിണമിച്ചതോടെ നമ്മുടെ ജീവിതം എങ്ങനെ മാറാതിരിക്കും. സ്വന്തം സുഹൃത്ത് അല്ലെങ്കിൽ സ്വന്തം നാട്ടുകാരൻ എന്നുവേണ്ട ഏതൊരുമനുഷ്യൻ അപകടത്തിൽപ്പെട്ടാൽ അത് ഏത് തരത്തിലുള്ളതാകട്ടെ ചെറുതായാലും വലുതായാലും അയാളുടെ ജീവൻ രക്ഷിക്കാൻ വഗ്യത കാണിക്കാതെ അത് സ്വന്തം മൊബൈലിൽ പകർത്തി വാട്സാപ്പിലും ഫേസ്ബുക്കിലും യൂറ്റൂബിലും അതുപോലെയുള്ള മറ്റ് സമൂഹമാധ്യമങ്ങളിലും വയറലാക്കുന്ന ആൾക്കാർ നമ്മുടെ ഇടയിലും പെരുകി വരുകെയാണെന്നുള്ള കാര്യം നാം മലയാളികളുടെ പക്ഷത്തുനിന്നു നോക്കുമ്പോൾ വളരെ ദുഃഖകരവും ലജ്ജാകരവുമാണ്. അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. അവർ ഇതുപോലെ മൊബൈലിൽ പകർത്തുന്നത് സോഷ്യൽമീഡിയയിൽ ഇട്ട് അതു കാണുന്ന നമ്മളാണ് കുറ്റക്കാർ. നമ്മൾ ഓരോരുത്തരും അതുകാണുന്തോറും അവരെ ഇതുപോലുള്ള വീഡിയോകൾ ഇടാൻ നാം പ്രേരിപ്പിക്കുകയാണ്. ഇപ്പോൾത്തന്നെ ഒരു ആക്സിഡന്റ് വീഡിയോ ചെയ്താൽ മണിക്കൂറുകൾക്കുള്ളിൽ ആയിരത്തോളം കാണികൾ രൂപപ്പെട്ടുകഴിയും. പിന്നീട് മറ്റുള്ളവരുടെ ദുഃഖങ്ങൾ ആഘോഷമാക്കിയും അവരുടെ സന്തോഷങ്ങൾ അസൂയയോടെ നോക്കിക്കാണുന്ന സ്വഭാവം മലയാളികൾ മാറ്റേണ്ടിയിരിക്കുന്നു.

മാറ്റങ്ങൾ മനുഷരിൽ നല്ലതുതന്നെയാണ്. പക്ഷേ ആ മാറ്റങ്ങൾ തിരിച്ചറിവിന്റെയും മനുഷ്യത്ത്വത്തിന്റെയും മൂല്യബോധത്തിന്റെയും ചരടുകളെ പൊട്ടിച്ചെറിയുന്നതാവരുത്. വെറും പരിഷ്കാരങ്ങൾക്കപ്പുറം പരിഷ്കരണം നമ്മിളിലുണ്ടാവണം. മലയാള സംസ്കാരത്തിന്റെ ആഢ്യത്വം തുളുമ്പുന്ന മലയാളത്തനിമയുടെ മടിയിൽ വിശ്രമിക്കാനുള്ളൊരു മനസ്സ് ഓരോ മലയാളിക്കുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.



- അസ്ഹർ ഇബിനു നജീം

10-C

# നവകേരള പദ്ധതിയിൽ

# കുട്ടികളുടെ പങ്ക്

നമ്മുടെകേരളംവികസനങ്ങളിൽനിന്നുംവികസനങ്ങളിലേക്ക്പായു- കയാണ്. ഇതിൽ കുട്ടികളുടെ പങ്ക് വളരെ വലുതാണ്. സ്കൂളുകളിൽ- തന്നെ s.p.c n.c.c കാഡറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.നമ്മുടെ കൂടെ- പഠിക്കുന്ന കുട്ടികളുടെ കൈയ്യിൽ എത്തിച്ചേരുന്നലഹരി വസ്തുക്കളുടെ അമിതമായഉപയോഗംഅതിനെപുറത്തുകൊണ്ടുവരാനും ഇവർ- ശ്രമിക്കുന്നു. പോലീസിനും അദ്ധ്യാപകർക്കും സാധിക്കാത്തതാണ് അവർ ചെയ്യുന്നത്. അത്പോലെതന്നെജനവരിഒന്നുമുതൽപ്ലാസ്റ്റിക്ക്നിരോധനമാണ- ല്ലോ.കുട്ടികളുടെകൈയ്യിൽമിഠായിയോടൊപ്പം പ്ലാസ്റ്റിക്ക് ലഹരിയും എത്തുന്നു. അതിനാൽ കുട്ടികളുടെ പൂർണ്ണ സഹകരണം ഇതിനാ-വശ്യമാണ്. മറ്റൊരു വിഷയമാണ് ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെ അപകടത്തിലകപ്പെടുന്ന യുവതലമുറയുടെ കാര്യം.അവരുടെ എണ്ണം അവിശ്വസനീയമാണ്. കുട്ടികൾക്ക് അവരവരുടെ വീട്ടിലെ മുതിർന്നവരെയും ഇതിന്റെ വിശദാംശങ്ങളെപ്പറ്റി പറഞ്ഞു മനസ്സിലാക്കാവുന്നതാണ്. കാരണം രക്ഷിതാക്കളെ സംബന്ധിച്ച്കുട്ടികളുടെ നിഷ്കളങ്കമായ വാക്കുകൾ വളരെ വിലയേറിയതും ശക്തവുമാണ്. ഇതിനോടൊപ്പം തന്നെ പ്രകൃതിസംരക്ഷണവുംനിർവ്വഹിക്കപ്പെടുന്നു. “ഹരിതഭൂമി"എന്നതുപോലെയുള്ള അനേകം പദ്ധതികൾ കേരളം നമുക്ക് സമ്മാനിക്കുന്നു. ഇതെല്ലാം പ്രധാനമായും കുട്ടികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

അങ്ങനെ ഇവിടെ പ്രകൃതി സൗഹാർദ്ദമായ, ലഹരി മുക്തമായ, കുട്ടികൾക്ക് പ്രാധാന്യം നൽകുന്ന ഒരു നവ കേരളം നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നു.

പ്രണവ് പ്രസാദ്
9-G

# IMPORTANCE OF TECHNOLOGY IN EDUCATION

EVERYDAY LIFE INVOLVES TECHNOLOGY IN RECENT TIMES TECHNOLOGY HAS REVEALED A NEW LAND OF ADVANTAGEMENT TECHNOLOGY THAT IS MADE USE OF WITH CLASSROOM IS VERY BEAUTIFUL IN HELPING THE STUDENTS UNDERSTAND .RESEARCH SHOWS WHEN TECHNOLOGY IS INTEGRATED INTO THE CLASSROOMS,STUDENTS CAN BENEFIT A GREAT DEAL .

INTEGRATION OF TECHNOLOGY INTO THE MODERN DAY EDUCATION PROCESS , IN WHAT WAY EDUCATION HAS CHANGED IS FAMOUS OF USING TECHNOLOGIES .TECHNOLOGY EDUCATION IS THE STUDY AND PRACTICE OF TECHNOLOGY,IN WHICH OF A STUDENT CAN LEARN HOW TO USE

THE INTERNET IS APPROVED TREASURE OF INFORMATION .UNLIKE REGULAR TEXTBOOKS, ELECTRONIC BOOKS AND WEB BASED CONTENT ARE UPDATED IN REAL TIME,FEELING STUDENTS WITH THE MOST CURRENT INFORMATION THEY CAN GET THERE HANDS ON,HELPING THE, BECOME MORE KNOWLEDGEABLE EVEN OUTSIDE THE CLASSROOM SETTINGS.

FROM THE WAY OF TECHNOLOGY ADVANCEMENTS ARE GOING. IT IS OBVIOUS THAT FUTURE WILL BE DIGITAL AND TECHNOLOGICAL FOCUSED WITH RESOURCES MORE ACCEPTABLE AND IN GREAT ABUNDANCE,THE COST OF TEXTBOOKS IS LIKELY TO DECREASE.

COMING ARE THE DAYS WHEN ONLY TOOLS FOR TEACHING ARE LIMITED TO BOOKS,BLACKBOARD WITH TECHNOLOGY INTEGRATED TO EDUCATION TEACHERS

ARE NOW IN COOPERATE IMAGES,VIDEOS,LESSONS SPECIFIC WEBSITES,PROGRAMME WILL ALSO ENABLE TEACHERS TO VERY LOW THEY PROVIDE INSTRUCTIONS .TECHNOLOGY ALSO PRESENTS UNIVERSAL TOOLS THAT ENABLE TEACHERS TO EDUCATE ALL TYPES OF STATEMENTS,INCLUDING THOSE WHO ARE STRUGGLING OR HOME SPECIALS NEEDS. THERE INCLUDES VOICE RECOGNIZATION TEXT TO SPEECH CONVERT TRANSLATOR, VOLUME CONTROL WOOD PRODUCTION.

KAVITHA .V.S

HST(ENG)



# സ്നേഹബന്ധം.

ഒരിടത്ത് ഒരിടത്ത് ഒരു കൊച്ചു കുടുംബം ഉണ്ടായിരുന്നു. സുജിതയുടെയും സുധിയുടെയും
ഏക മകനായിരുന്നു ദിനേശ്. മകനായ ദിനേശനോട് സുധിക്ക് വളരെ സ്നേഹമായിരുന്നു. ഒരു ദിവസം സുധി പുതിയ കാറ് വാങ്ങി ദിനേശിനെയും കൊണ്ട് സുധി കാറോടിച്ച് കടൽ തീരത്തെത്തി. സുധി കടലിലേക്ക് ഇറങ്ങി. ദിനേശ് ഒരു കമ്പ് എടുത്ത് കാറിൽ കുത്തിവരച്ചു. ഇത് കണ്ട സുധി ദിനേശിനെ ആകവാനം തല്ലി. അവർ വീട്ടിലേക്ക് പുറപ്പെട്ടു.ദിനേശ് കരച്ചിൽനിർത്തുന്നതേയില്ല.
വീട്ടിൽ ചെന്ന ദിനേശിന്റെ അമ്മ ദിനേശിനോട്
കരയുന്നതിന്റെ കാരണം അന്വേഷിച്ചു. ദിനേശിന്റെ കൈ അനക്കാൻ കഴിയുന്നില്ല. അവർ ആശുപത്രിയിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ ഡോക്ടർ പറഞ്ഞു ക്ഷമിക്കണം. നിങ്ങളുടെ മകന്റെ ഒരു വിരലിന് ചതവുണ്ട്. രണ്ടു വിരലുകൾ ഒടിഞ്ഞിരിക്കുന്നു. അവന് വലതു കൈവെച്ച് ഒന്നിനും
സാധിക്കില്ലാ. ഇത് അറിഞ്ഞ സുധി കാറിന്റെ അരികിലേക്ക് ഓടി അവൻ എന്താണ് കാറിൽ കുത്തിവരച്ചത് എന്നറിയാൻ, ആ കാറിൽ എഴുതിയിരുന്നത്

"I LOVE YOU PAPPA" എന്നായിരുന്നു.

# MY LIFE MY FRIEND

**Friends are the siblings which never god give us . In my life friends have a major role . Friends always inspired me . Friends teach me that nobody is to small . Friends made many good memories in my life . Friendship are the special relationships in every one's life . Good friends are our good relatives good friendship are our good relation . Friendship is like a sea it never ends . Sometimes friendship make us happy and sometimes sad .Friendship falls like a rain . We would share our feelings with them . Truth friendship is always like a wind it is very strong.**


***Amritha Sunil***
***9-B***
***Little kites***






## തത്തമ്മ

കുഞ്ഞിതത്തമ്മേ, പച്ചതത്തമ്മേ
എങ്ങോട്ടാണീ പോകുന്നത്
പാറി പാറി പോകുന്നത്.
എന്റെ കൂടെ വന്നൂടെ .
പാലും പഴവും തരാലോ
കുഞ്ഞിതത്തമ്മേ പച്ചതത്തമ്മേ
എന്റെ കൂടെ വന്നൂടെ.



*-Hiba Fathima*
*5 - C*

# INKSCAPE



BIJU VIKRAM

# ഒറ്റക്കതിരും ആനറാഞ്ചിപക്ഷിയും

ചൈനയിലെ ഒരു ഗ്രാമത്തിലാണ് സഹോദരങ്ങളായ ഷാൻഷ്വവാങ്ങും ഷെങ്ഷ്വവാങ്ങും താമസിക്കുന്നത് .

കൃഷിയിറക്കാനായി ജേഷ്ഠന്റെയടുത്തുചെന്ന് ഒരു പറ ഗോതമ്പ് ചോദിച്ചുനോക്കൂ!!

ഷെങ് ഷ്വവാങ്ങിനോട് പത്നി ഹ്വവാഹ്വയി പറഞ്ഞു.

അയാൾ ധനവാനായ ഷാൻ ഷ്വവാങ്ങിന്റെവീട്ടിലേക്കുപോയി.

അതിനെന്താ, നീ വിളവെടുത്ത ശേഷം തിരിച്ചുതന്നാൽ മതി, ജ്യേഷ്ഠൻ പറഞ്ഞു.

അയാൾ ധനവാനായ ഷാൻ ഷ്വവാങ്ങിന്റെ വീട്ടിലേക്കു പോയി.

അതിനെന്താ, നീ വിളവെടുത്ത ശേഷം തിരിച്ചുവന്നാൽ മതി, ജ്യേഷ്ഠൻ പറഞ്ഞു.

പക്ഷെ അയാളുടെ പത്നി യുന്നവാൻ ദുഷ്ടയായിരുന്നു. ആ സ്ത്രീ ഒരു പറ നെല്ലെടുത്ത് ചട്ടിയിലിട്ട് വറുത്തിട്ടാണ് ഷെങ് ഷ്വവാങ്ങിന് നൽകിയത് ഷ്വവാങ്ങ് ചേട്ടത്തിയമ്മയ്ക്ക് നന്ദി പറഞ്ഞ് സന്തോഷത്തോടെ വീട്ടിലെത്തി. ഷ്വവാങ്ങും ഭാര്യയും നിലമൊരുക്കി വിത്തു വിതച്ചു. യഥാസമയം നനച്ചുകൊടുത്തു, കിളികൾ കൊത്തിത്തിന്നു പോകാതിരിക്കാൻ കാവലിരുന്നു.

പക്ഷേ, ആഴ്ചകൾ കഴിഞ്ഞിട്ടും വിത്ത് മുളച്ചില്ല. ഷെങ്ങും ഹ്വവാഹ്വയിയും സങ്കടപ്പെട്ടിരിക്കുമ്പോൾ പാടത്തിന്റെ മധ്യത്തായി ഒരു ഗോതമ്പു ചെടിമുളച്ചുപൊങ്ങി ഒന്നെങ്കിൽ ഒന്ന് !!!

ഇരുവരും അതിനെ കരുതലോടെ സുശ്രൂഷിച്ച മുളയ്ക്കാൻ കഴിയാതെപോയ വിത്തുകളെല്ലാം അതിന് വളം നൽകി . ആ ഗോതമ്പുചെടി ഒരു മരംപോലെ തഴച്ച പടർന്നു. അതിലുണ്ടായതോ? ഒറ്റക്കതിർ ഗോതമ്പു മാത്രം ! അതാകട്ടെ അസാമാന്യ വലുപ്പമുള്ളതും !

ഷെങ് ഷുവാങ്ങും ഹ്വാഹ്വയിയും മാറി മാറി അതിന് കാവലിരുന്നു. ഒരു ദിവസം ഒരു ക്കുറ്റൻപക്ഷി പറന്ന് പറന്ന് ഗോതമ്പ് കതിർ മുറിച്ചെടുത്ത് പറന്നുപോയി. ഷെങ് ഷുവാങ്ങ് പക്ഷിയുടെ നിഴലിനൊപ്പം ഓടി ഒടുവിൽ അത് കടൽ തീരത്ത് ഒരു പാറക്കെട്ടിൽ ഇരുന്നു, ഷെങ് ഓടിച്ചെന്നു.

എന്റെയും ഭാര്യയുടേയും ഒരുപാടു നാളത്തെ അധ്വാനത്തിന്റെ ഫലമാണ് ഇത്. നീകൊണ്ടുപോകരുത് , ഷുവാങ്ങ് അപേക്ഷിച്ചു , നീ കൊണ്ടുപോകരുത് . ഷുവാങ്ങ് അപേക്ഷിച്ചു നിനക്ക് ഇതുകൊണ്ട് എന്തുകിട്ടാനാണ്? പക്ഷിചോദിച്ചു.

ഒരു പറ ഗോതമ്പു വിതച്ചതിൽ ഒറ്റ മണി മുളച്ചുണ്ടായതാണിത് . ഈ കതിർ ഞാൻ വീണ്ടും വിതച്ച് കൂടുതൽ വിത്തുണ്ടാക്കും ! ഷെങ് പറഞ്ഞു.

ഇത് അപൂർവ്വങ്ങളിൽ അപൂർവ്വമായഗോതമ്പുമണികളാണ്. നിന്റെ പാടത്തു വിതച്ചാൽ ഇനിയിത് മുളയ്ക്കില്ല. ആനറാഞ്ചിപക്ഷി പറഞ്ഞു ; ഈ കതിര് തന്നാൽ ജീവിതകാലം മുഴുവൻ കഴിയാനുള്ള സമ്പത്ത് നിനക്കു ഞാൻ തരാം.

ഷെങ്ഷുവാങ്ങ് സമ്മതിച്ചു. എങ്കിൽ എന്റെ പുറത്ത് കയറികണ്ണടച്ചിരുന്നുകൊള്ളുക പക്ഷി പറഞ്ഞു.

ആനറാഞ്ചിപക്ഷി പർവ്വതങ്ങൾക്കുംസമുദ്രത്തിനും മുകളിലൂടെ പറന്നു. കണ്ണുതുറന്നില്ലെങ്കിലും ഷെങ്ങിന് എല്ലാം മനസ്സിലാവുന്നുണ്ടായിരുന്നു. ഒടുവിൽ പക്ഷി ഒരു ദ്വീപിൽ പറന്നിറങ്ങി.ഇനി കണ്ണുതുറന്നുകൊള്ളൂ. പക്ഷി പറഞ്ഞു.

അവൻ കണ്ണുതുറന്നപ്പോൾ എങ്ങും ഇരുട്ട് മാത്രം !! രാത്രിയായിരുന്നു.

പക്ഷി പറഞ്ഞു ; ചുറ്റുംസൂക്ഷിച്ചു നോക്കൂ, ഷെങ് കണ്ണുമിഴിച്ച് ചുറ്റും നോക്കി. കണ്ണഞ്ചും നക്ഷത്രങ്ങൾ പോലെ നിലത്ത് തിളക്കം.

സ്വർണ്ണവും വെള്ളിയും രത്നങ്ങളുമാണ്തിളങ്ങുന്നത്. നിനക്ക് ആവശ്യമുള്ളവ എടുക്കുക . സൂര്യനുദിക്കും മുൻപേ സ്ഥലംവിടണം. സൂര്യനുദിച്ചാൽ ഈ ദ്വീപ് നടുക്കടലിൽ താഴ്ന്നുപോകും. വീണ്ടും രാത്രിയിൽ മാത്രമേ ഉയർന്നു വരൂ, പക്ഷി പറഞ്ഞു.

ഷെങ്ങ് ഒരു പിടി സ്വർണ്ണം മാത്രം വാരിയെടുത്തു, എനിക്കിതു മതി, അവൻ പറഞ്ഞു.

ആവശ്യത്തിന് എടുത്തുകൊള്ളൂ ഇനിയും വേണമെന്നുകരുതിയാൽകിട്ടില്ല. നീയിനി ഇവിടെ വരില്ല. പക്ഷി ഓർമ്മപ്പെടുത്തി.

എനിക്ക് ഇത് ധാരാളം, മതി മാത്രവുമല്ല പർവ്വതങ്ങളും സമുദ്രവും കടന്ന് എന്നെയും ചുമന്ന് പറക്കാനുള്ളതല്ലേ ? ഇനിയും അധികം ഭാരം നിനക്ക് താങ്ങാനാവില്ല. ഷെങ് പറഞ്ഞു.

എങ്കിൽ എന്റെ പുറത്തുകയറി കണ്ണുകളടയ്ക്കുക, ഷെങ് അപ്രകാരം ചെയ്തു. ആനറാഞ്ചി പക്ഷി ആകാശത്തേക്ക് ഉയർന്ന് പറക്കാൻ തുടങ്ങി. അനായാസം പറന്ന് അടുത്ത വൈകുന്നേരത്തോടെ അവർ ഗ്രാമത്തിൽ തിരിച്ചെത്തി.

സ്വർണ്ണംവിറ്റ് ഷെങ്ങും ഹ്വാഹ്യയിയും കുറച്ചു കൃഷിഭൂമിയും നിലവുമൊരുക്കാൻ രണ്ടു കാളകളെയും വാങ്ങി. ഒരു പറവിത്തു വാങ്ങി വയലിൽ കൃഷിയിറക്കി.

''ഒഴിഞ്ഞപാടം നമ്മൾ കണ്ടതല്ലേ? പിന്നെ എവിടെനിന്നു കിട്ടി ഷെങ്ങിന് ഇതിനൊക്കെ പണം?''

നിയുനുവാൻ ഷാൻ ഷ്വവാങ്ങിനോട്ചോദിച്ചു; ''നിങ്ങളൊന്നു പോയി അന്വേഷിക്ക് മനുഷ്യാ!

ഒരു പറ വിത്തിന്റെ പേര് പറഞ്ഞ് കിട്ടിയതിൽ പാതി വാങ്ങിയിട്ട് വാ''.

എന്തായാലും സംഗതി അറിയണമല്ലോ? അയാൾ അനുജന്റെ വീട്ടിലെത്തി. സത്യസന്ധനായ ഷങ്ങ് സംഭവങ്ങളെല്ലാം ജ്യേഷ്ഠനോട് പറഞ്ഞു. അയാൾ വീട്ടിൽച്ചെന്ന് ഭാര്യയോടും.

''പത്തു പറ ഗോതമ്പ് ഞാൻ വറുത്തു തരാം അതിൽ പത്തു മണി വറുക്കാതെ വെക്കാം. നാളെത്തന്നെ വിത്തു വിതക്കണം!'' നിയു പിറുപിറുത്തു. ഷാൻ അപ്പോൾത്തന്നെ നിലമൊരുക്കാൻ തുടങ്ങി. പിറ്റേന്ന് വിത്തു വിതച്ചു. പക്ഷെ, ഒറ്റ ഗോതമ്പുചെടിയിൽ ഒറ്റക്കതിർ വന്നു. കതിരുകൊത്താനെത്തിയ ആ നറാഞ്ചി പക്ഷിയെ പിൻതുടർന്ന് ഷാൻ കടൽക്കരയിലെത്തി . പക്ഷിയുടെപുറത്തുകയറി ദ്വീപിലും. ദ്വീപിലെ പൊൻതിളക്കം കണ്ട് അയാളുടെ കണ്ണഞ്ചിപ്പോയി. ഷാൻ ആർത്തിയോടെ ദ്വീപിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടി. കിട്ടിയതെല്ലാം വാരിക്കൂട്ടി, ''ആവശ്യത്തിനു മാത്രം എടുക്കുക".അയാളുടെ ആർത്തികണ്ട് പക്ഷി ഓർമ്മപ്പെടുത്തി.

''നേരം പുലരാറായി സൂര്യനുദിച്ചാൽ ഈ ദ്വീപ് കടലിൽ താഴ്ന്നുപോകും''. അപ്പോഴും അയാൾ ഓടിനടന്ന് ചാക്കു നിറച്ചു. ഒടുവിൽ ആനറാഞ്ചിപ്പക്ഷി പറന്നുപോകുമെന്നായപ്പോൾ വലിയ ചാക്കുകെട്ടുമായി അയാൾ പുറത്തു കയറിയിരുന്നു. കടലിന്റെ ഒത്ത നടുവിലെത്തിയപ്പോൾ ആനറാഞ്ചിപ്പക്ഷിയുടെ ചിറകുകൾ കുഴയാൻ തുടങ്ങി. എനിക്ക് ഭാരം താങ്ങാനാവുന്നില്ല. നിന്റെ ചാക്കിൽ നിന്ന് അല്പം സ്വർണം എടുത്തുകളയൂ''. പക്ഷി പറഞ്ഞു. ''ഈ നടുക്കടലിലോ? ഞാൻ കളയില്ല'' അയാൾ വിസമ്മതിച്ചു.

കുറച്ചു ദൂരം പറന്നപ്പോൾ ആനറാഞ്ചിപക്ഷി വീണ്ടും അപേക്ഷിച്ചു. അല്പമെങ്കിലും സ്വർണം കളഞ്ഞ് ഭാരം കുറക്കൂ''. അപ്പോഴും അയാൾ അതിന് തയാറായില്ല.

പക്ഷി അവസാനത്തെ മുന്നറിയിപ്പുംകൊടുത്തു.

ഒരു ചാക്ക് രത്നവും സ്വർണ്ണവും കടലിൽ കളയാനോ? സാധ്യമല്ല!''

അയാൾ ചാക്കും കെട്ടിപ്പിടിച്ച് ഇരുന്നു.

''എന്റെ ചിറകുകൾ കുഴഞ്ഞിരിക്കുന്നു ഇനിയും എനിക്ക് പറക്കാനാകില്ല. നിന്റെ ചാക്ക് ഉപേക്ഷിച്ചില്ലെങ്കിൽ നമ്മൾരണ്ടുപേരും കടലിൽ മുങ്ങിച്ചാവും''!.

1. ''ഞാനെന്തായാലും നിനക്കുവേണ്ടി കടലിൽ മുങ്ങിച്ചാകാൻ ഉദ്ദേശിച്ചിട്ടില്ല'' എന്നു പറഞ്ഞ് ആനറാഞ്ചിപ്പക്ഷി തന്റെ ദേഹമൊന്നു കുടഞ്ഞു ഷാൻഷുവാങ്ങും സ്വർണ്ണച്ചാക്കും നടുക്കടലിലേക്ക് വീണു. ചാക്കുകെട്ടു വിടാൻ മനസ്സില്ലാത്ത അയാൾ കടലിൽ മുങ്ങിത്താണു. ഒടുവിൽ ചാക്കുപേക്ഷിച്ച് ജീവനുംകൊണ്ട് നീന്തി. കഠിനപ്രയത്നത്തിനൊടുവിൽ അയാൾ കരപറ്റി. വെറും കൈയ്യോടെ ഷാൻ തന്റെ ഗ്രാമം അന്വേഷിച്ചു നടന്നു. ഇപ്പോഴും ചൈനയിലെ കടൽതീരത്തുകൂടി യാചകനെപ്പോലെ ഒരാൾ സ്വന്തം വീടന്വേഷിച്ച്അലയുന്നത് കാണാമത്രേ!

ഗുണപാഠം – "അത്യാഗ്രഹം ആപത്ത് "   – Vidhya

8 – I



# തത്തയും പൂച്ചയും ചങ്ങാതിമാർ

ഒരു ദിവസം ഒരു തത്ത പറന്നു വരികയായിരുന്നു. അപ്പോൾ അവിടെ ഒരു നെൽക്കതിര് കിടക്കുന്നത് തത്ത കണ്ടു. അത് വേട്ടക്കാരൻ വെച്ചതാണെന്ന് തത്ത അറിഞ്ഞില്ല . തത്ത ആ ചതിയിൽ വീണു . വേട്ടക്കാരൻ വന്നു എന്നിട്ട് തത്തയെക്കൊണ്ടുപോയി. വേട്ടക്കാരൻ കുളിക്കാൻ കുളത്തിലേക്ക് പോയി , ആ സമയത്ത് അതു വഴി ഒരു പൂച്ച വന്നു . പൂച്ച തത്തയെ കണ്ടു. തത്ത ചോദിച്ചു ,"എന്നെ രക്ഷിക്കാമോ "? എന്ന്. അപ്പോൾ പൂച്ച പറഞ്ഞു ഇല്ല എന്ന്. എന്നിട്ട് പൂച്ച പോകാൻ തുടങ്ങി അപ്പോൾ തത്തമ്മ പറഞ്ഞു; " പോകരുതേ നീ എന്നെ രക്ഷിച്ചാൽ നമ്മുക്ക് ചങ്ങാതിമാരായി കഴിയാം "എന്ന് . അപ്പോൾ പൂച്ച പറഞ്ഞു; "ശരി". പിന്നെ പൂച്ചയും തത്തയും ചങ്ങാതിമാരായി കഴിഞ്ഞു .

-Hiba Fathima

5 -C

## കുഞ്ഞിപ്പെങ്ങൾ

മഴയെത്തു നനഞ്ഞ ഒരു കുഞ്ഞിപ്പെങ്ങൾ
കുടയും ഇല്ലാതെ വരുന്നല്ലോ
ബുക്കും സ്ലേറ്റും മാറണച്ച്
കുടയും ഇല്ലാതെ വരുന്നല്ലോ

*മഴയത്തു നനഞ്ഞ ഒരു കുഞ്ഞിപ്പെങ്ങൾ*
*കുടയും ഇല്ലാതെ വരുന്നല്ലോ,*
*അവളെ ഞാൻ മാറണച്ച എന്റെ കൂടെ........*
*പാവമാണെന്ന കരുതുന്ന*

*ഞാനും അവളും എങ്ങോപോയ്*
*ദൂരെ ദൂരെ ഒരു ദിക്കിൽ പോയ്*
*മഴയെത്തു നനഞ്ഞ ഒരു കുഞ്ഞിപ്പെങ്ങൾ*
*കുടയും ഇല്ലാതെ വരുന്നല്ലോ*

*- Avani Suresh*

## മഴത്തുള്ളി

മഴക്കാലം മഴപെയ്തു....
കുടചൂടി ഞാൻ പോയി....
വഴി നിറയെ മഴവെള്ളം
തണുത്ത കാറ്റ് വീശി
കാർമേഘങ്ങൾ സൂര്യനെ മറച്ചു....
മഴക്കാലം മഴപെയ്തു....
കുടചൂടി ഞാൻ പോയി
കുളത്തിലെ മീനുകളെല്ലാം
തുള്ളിച്ചാടി
മഴവന്നേ.... മഴവന്നേ....
കാർമേഘങ്ങൾ മാറി പോയി
തെളിഞ്ഞു വന്നു ആകാശം
ഏഴ് നിറത്തിൽ മഴവില്ല്
ആകാശത്ത് പെട്ടെന്ന്....
മഴക്കാലം മഴപെയ്തു....
കുടചൂടി ഞാൻ പോയി.

**-ഫാത്തിമ റിയാസ്**

# രാത്രി

ഒരു നിലാവെളിച്ചം നിൽക്കുന്ന സമയം
അതി മനോഹരമായ കളകളം ഒഴുകുന്ന
നദിയുടെ ശബ്ദം കൊണ്ട് മാത്രമല്ല ആ-
സന്ധ്യാ സമയം
എത്ര മനോഹരം..... എത്ര മനോഹരം....

രാത്രി വിരിയുന്ന മുല്ല പൂക്കളുടെ
മനോഹരമായ മണം
പുഞ്ചിരിതൂകി നിൽക്കുന്ന
അമ്പിളിയുടെ മുഖം
എത്ര മനോഹരം.. ..എത്ര മനോഹരം....

- നന്ദന ബിനു

# സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിൻ സമരം ഇത് സ്വാതന്ത്ര്യത്തിൻ സമരം

നന്മകൾ തിൻമകൾ കണ്ടറിയാനായ്

സ്വതന്ത്ര്യത്തിൻ സമരം...

ധർമ്മർമ്മാന്തരങ്ങൾ കേട്ടറിയാ-

നായ് സമരം , ഗാന്ധിതൻ

പാദകൾ പിൻ തുടരാ-

നായ് സമരം......

വാളുകളേന്തും ജനതേ

വാക്കുകളേന്തു നിങ്ങൾ

സ്വാതന്ത്ര്യത്തിൻ ഗന്ധം

അലയട്ടേ ഈ മണ്ണിൽ

രക്തക്കറകൾ പലതും

രക്തനക്കല്ലായ് മാറും

ഗാന്ധിതൻ വാക്കുകൾ

കേട്ടറിയാനായ് സമരം

ധർമ്മധ ധർമ്മധുഖം....

വായനകൊണ്ടു നേടൂ

അറിവുകൾ കൊണ്ടു നേടൂ

അറിവും വാക്കും ഒന്നായി

ചെറും വാളുകൾകൊണ്ട് നേട്ട

ഇനിയൊരു യുദ്ധം വേണ്ടാ....

ഇനിയൊരു മുറിവും വേണ്ടാ....

സ്വാതന്ത്ര്യത്തിൻ  തിരകൾ

ഉയരെട്ടേ ഈ മണ്ണിൽ..........

Devi

10 – G



# WHY GLOBAL CITIZENS SHOULD BE CARE

PLASTIC WASTES ARE HARMING THE ENVIRONMENT IN COUNTLESS WAYS FROM ADDING TO GREEN HOUSE GAS EMMISIONS TO DESTROYING LIFE UNDER WATER. THERE ARE 10 SIMPLE WAYS TO REDUCE THE PLASTIC FOOT PRINT. YOU CAN JOIN US IN ACTION ON THIS .

1, BUY A REUSABLE WATER BOTTLE.

2,USE REUSABLE WOODEN UTENSILS WHEN GETTING TAKE OUT.

3,USE REUSABLE CUP FOR COFFEE, JUICES AND SMOOTHIES.

4,USE REUSABLE FOOD CONTAINERS FOR TAKE OUT.

- SHREYA MARIYA RENJI

9B



# ഇന്നത്തെ ലോകം

ലോകമേ എന്തൊരത്ഭുതം !
ഇന്നു നാമിതെൻ കാണുന്ന
മലിനമായ  പുഴകളും
അഴുക്കടിഞ്ഞ  കുളങ്ങളും
അന്തരീക്ഷം ഇതിന്റെ ഇത്ര
ദുർഗന്ധം നാറുന്നു.
പൊൻ കതിർ വിളഞ്ഞ വയലുകൾ
ഇന്ന് ഫാക്ടറിയായി മാറുന്നു.
ലോകത്തെ നാം എന്തിനാ ഇത്ര
മോശകരമായി മാറ്റുന്നു
ലോകമേ ഇത് എന്ന് തീരും?

**മനുഷ്യന്റെ ക്രൂരത.**

# സൂര്യൻ

കിഴക്ക് മലയുടെ മുകളിൽ നിത്യം
ഉദിച്ചുപൊങ്ങും കതിരവനേ
നിനക്കു വന്ദനമരുളാൻ ഞാനും
മഞ്ഞായാലും മഴയായാലും
മടിച്ചുനിൽക്കുകയില്ല നീ
എന്നും കൃത്യം തന്നെ നിന്നുടെ
ഉദയം മാറ്റമില്ലാതെ

ഇരുട്ടിനെയാട്ടിയകറ്റി നീൽ
വെളിച്ചമെങ്ങും വിതറുന്ന പ്രവൃത്തി ചെയ്യാൻ-
ശക്തി തരുന്നു പവിത്രമല്ലേ ! നീൽ കർമ്മം

നന്ദന ബിനു

# ഒരു എലിയുടെ ആത്മകഥ

"കൂട്ടുകാരേ, ഞാനൊരു പാവം എലിയാണ്. ഞാനും എന്റെ കുടുംബവും ആതട്ടിൻപുറത്താണ് താമസിക്കുന്നത്. ഈ ഭൂമി ഞങ്ങളുടേതും കൂടിയാണല്ലോ.എന്നാലും ഞങ്ങൾ ഒതുങ്ങിക്കഴിയുകയാണ്. എന്നിട്ടും നിങ്ങൾ ഞങ്ങളെ കൊ–ല്ലുന്നു. നിങ്ങൾ വിഷം വെച്ചും, കെണി വച്ചും ഞങ്ങളെ നശിപ്പിക്കുന്നു. കപ്പ ഒരു വിളയാണ്. എല്ലാവർക്കും അത് ആവശ്യമാണ്. അതിൽ എല്ലാവർക്കും തുല്യഅവകാശമുണ്ട്. ഞങ്ങൾ അത് കരണ്ടി തിന്നുമ്പോൾ നിങ്ങൾ ഞങ്ങളേ ഓടിക്കുന്നു. ഇത് ഒട്ടും ശരിയല്ല. നിങ്ങൾ പറയും തുണി കരണ്ടുന്നവരാണ് ഞങ്ങൾ എന്ന്. ഞങ്ങൾക്ക് താമസിക്കാൻ ഇത്തിരി സ്ഥലം പോലും ഇല്ല.പിന്നെ എങ്ങനെ കരണ്ടാതിരിക്കും.അതുപോട്ടെ, ഞാൻ കാര്യത്തിലേക്ക്കടക്കാം. എനിക്ക് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്.

ഇന്നലെ ഞാൻ ഉണർന്നത് ആണിയടിക്കുന്ന ശബ്ദം കേട്ടാണ്. ഞങ്ങളുടെ മാളം അവർ തടിവച്ച് അടക്കുകയാണ്. ഇത്ര ക്രൂരരാണോ മനുഷ്യർ. എനിക്ക് സ്ഥലം പരിചിതമാണെന്ന കാര്യം അവർക്കറിവില്ലാഞ്ഞത് കാര്യമായി. തട്ടിൻ പുറത്തിന്റെ പിന്നാമ്പുറം വഴി രക്ഷപെട്ടു. ഓടിച്ചെന്ന് ഒരു കടി കൊടുക്കാനാണ് ആദ്യം തോന്നിയത്. ഞങ്ങൾ കടിച്ചാൽ എലിപ്പനി വന്നു എന്ന് പറയും. നിങ്ങൾ ഞങ്ങളോടു പെരുമാറുന്നത് എങ്ങനെയാണ്? ഞങ്ങൾ നശിക്കുമ്പോൾ ഭാഗ്യം എന്ന് പറയുകയും നിങ്ങൾക്ക് രോഗം വന്നാൽ പഴി എലികൾക്കുമാണ്. വേറെ എന്തോ

അസുഖമായിരിക്കും അത്, എലിയുള്ള വീട്ടിലെ ആളാണെങ്കിൽ ഒരു കാരണവുമില്ലാതെ എലി-
യെ പഴിക്കും.ഇതൊക്കെയാ ഞങ്ങളുടെ സ്ഥിതി.

ഞങ്ങളുടെ ചിരകാല വൈരികളായ പൂച്ചയും പാമ്പും പോലും അത്ര അപകടകാരികളല്ല. എന്നാൽ,നിങ്ങൾ മനുഷ്യർ സത്യത്തിൽ ഭീകരമായ സത്വമാണ്.കുട്ടികളായ നിങ്ങൾക്ക് ഞങ്ങളോട് ദയ തോന്നുന്നെങ്കിൽ ഞങ്ങളെ ജീവിക്കാൻ അനുവദിക്കണേ. സ്വതന്ത്രമായി വിഹരിക്കാൻ അനുവദിക്കണേ. മുതിർന്നവർ ചെയ്യുന്നതിൽ കാര്യമുണ്ടോ എന്ന് നോക്കി പ്രവർത്തിക്കുക. സത്യമായ കാര്യങ്ങൾക്കുവേണ്ടി പ്രവൃത്തിക്കുക. എല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ തുല്യ അവകാശമുണ്ട്"

എഴുതിയത് – ഗണേഷ് എ.എസ്



# 8 WAYS TO STOP GLOBAL WARMING

1) CHANGE A LIGHT

*REPLACING ONE REGULAR LIGHT BULB WITH A COMPACT FLUORESCENT LIGHT BULB WILL SAVE 150 POUND OF CARBON DIOXIDE A YEAR .*

2) DRIVE LESS

*WALK, BIKE , CARPOOL, TAKE MASS TRANSIT MORE OFTEN . YOU'LL SAVE ONE POUND OF CARBON DIOXIDE FOR EVERY MILE, YOU DON'T DRIVE!*

3) RECYCLE MORE

*YOU CAN SAVE 2,400 POUNDS OF OXYGEN PER YEAR BY RECYCLING JUST HALF OF YOUR HOUSE HOLD WASTE.*

4) CHECK YOUR TIRES

*KEEPING YOURS TIRES INFLATED PROPERLY CAN IMPROVE YOUR GAS MILEAGE BY MORE THAN 3% EVERY GALLON OF GAS ONLINE SAVED KEEPS 20 POUNDS OF CARBON DIOXIDE OUT OF THE ATMOSPHERE.*

5) USELES HOTWATER

*IT TAKES LOT OF ENERGY TO HEAT WATER. USELESS OF HOT WATER BY TAKING SHORTER AND COOLER SHOWS, WASHING INSTEAD OF HOT WATER.*

6) AVOID PRODUCTS WITH A LOT OF PACKING

*YOU CAN SAY 1200 POUNDS OF CARBON DIOXIDE IF YOU REDUCE YOUR GARBAGE BY 10%.*

7) THERMO ADJUST YOUR STAT

*MOVING YOU THERMOSTAT DOWN JUST 2 DEGREE IN WINTER AND UP 2 DEGREE IN SUMMER COULD SAVE ABOUT 2000 POUNDS OF OXYGEN A YEAR.*

*8) PLANT A TREE*

*A SINGLE TREE WILL ABSORB ONE TON OF CARBON DIOXIDE OVER ITS LIFE TIME.*



SILNA THERESA SHINE
IX-B

# മാന്ത്രിക ആട്ടുകല്ല്

ഒരിക്കൽ ഒരിടത്ത് രണ്ട് സഹോദരന്മാരുണ്ടയിരുന്നു. മൂത്ത സഹോദരൻ വളരെ ധനവാനായിരുന്നു ,പക്ഷേ ഇളയ സഹോദരൻ ദരിദ്രനായിരുന്നു ഒരാൾ അവിടെ നല്ലരീതിയിയിൽ ആഘോഷിക്കുമ്പോൾ മറ്റൊരാൾ ഒന്നുമില്ലാതെ ഇരിക്കും. ഇളയ സഹോദരന്റെ കുടുംബം എന്നും പട്ടിണിയിലായിരുന്നു. നല്ലവസ്ത്രമോ, ആഹാരമോ, പണമോ ഇല്ലായിരുന്നു. അങ്ങനെഇരിക്കെ ഇളയസഹോദരൻ മൂത്ത സഹോദരന്റെ കയ്യിൽ നിന്ന് പണംവാങ്ങാമെന്നു കരുതി അവിടേക്ക്പോയി. മൂത്ത സഹോദരന്റെ അടുത്തേക്ക് ചെന്നിട്ട് ഇങ്ങനെ പറഞ്ഞു.

''ചേട്ടാ എന്റെ കുട്ടികൾ എന്നും പട്ടിണിയാണ് അങ്ങ് കുറച്ച് പണം തരികയാണെങ്കിൽ ഞാൻ അവർക്ക് ഭക്ഷണം വാങ്ങും''. ''ഹും നീ എന്നും എന്റെ മുന്നിൽ തെണ്ടാൻ വരും എന്റെ കയ്യിൽ നിനക്ക് തരാൻ ഒന്നുമില്ല .വേഗം പോ ഇവിടുന്ന്', മൂത്ത സഹോദരൻ പറഞ്ഞു.

വാക്കുകൾകൊണ്ട് വിഷമിതനായ് മാറിയ ഇളയസഹോദരൻ അവിടെ നിന്നും ഇറങ്ങി. വീട്ടിലേക്കുള്ള വഴിയിൽ ഒരു വൃദ്ധൻ വിറകുകെട്ട് എടുക്കാൻ കഷ്ടപ്പെടുന്നത് കണ്ട് ,അയാൾ ഇങ്ങനെ പറഞ്ഞു. ''ഓ... അമ്മാവാ ഇതിനുനല്ല ഭാരം കാണും ഞാൻ സഹായിക്കാം, ''ഓ... നന്ദി മകനെ നന്ദി! എന്തു പറ്റിനിന്റെ മുഖം വല്ലാതെ വിഷമിച്ചിരുന്നു? ആ വൃദ്ധൻ പറഞ്ഞു [അവർ തമ്മിൽ ചെറിയ ഒരു സംഭാഷണം നടന്നു]..

ഇളയസഹോദരൻ: ഓ എന്തുപറയാനാണ് അമ്മാവാ എന്റെ കുടുംമ്പം എന്നും പട്ടിണിയാണ് എന്തുചെയ്യും?

വൃദ്ധൻ ഇതാണോകാര്യം? നീ ഈ വിറകുകഷ്ണങ്ങൾ എന്റെ വീട്ടിൽ എത്തിക്കാൻ സഹായിച്ചാൽ നിനക്ക് ധനികനാവാൻ ഞാൻ ഒരു സാധനം തരാം.

ഇളയസഹോദരൻ: സത്യം? തീർച്ചയായും.

അവൻ വിറക് കഷ്ണങ്ങളെടുത്ത് വൃദ്ധന്റെ പിന്നാലെ നടന്നു അങ്ങനെ വൃദ്ധന്റെ വീടെത്തി.
വൃദ്ധൻ:ഓ... നന്ദി മകനെ നന്ദി
എന്നിട്ട് അയാൾ അവന് ഒരു മധുരമുള്ള ബ്രഡ്നൽകി എന്നിട്ട് പറഞ്ഞു.

"നീ ഇതുംകൊണ്ട് നേരെ കാട്ടിലേക്ക് പോകുക അവിടെ 3 പഴങ്ങളുടെമരങ്ങൾ നിൽക്കുന്നത് കാണാം സൂക്ഷിച്ച് നോക്കിയാൽ അവയുടെപിന്നിൽ ഒരു ചെറിയകുന്നും അതിന് മുകളിൽ ഒരു വീടും കാണാം. നീ ആ വീട്ടിൽ ചെല്ലണം അവിടെ 3 കുള്ളന്മാർ താമസിക്കുന്നുണ്ട് അവർക്ക് ഈ ബ്രഡ് വളരെ ഇഷ്ടമാണ് അവർ ഇത് നിന്റെ കയ്യിൽ നിന്ന് മേടിക്കും പകരം നീ പൈസ ചോദിക്കരുത് പകരം കല്ലുകൊണ്ട് മാത്രമുണ്ടാക്കിയ ആട്ടുകല്ല് ചോദിക്കണം". വൃദ്ധൻ പറയുന്നതെല്ലാം കേട്ട് അവൻ ബ്രട്ടുംകൊണ്ട് കാട്ടിലേക്ക് നടന്നു.
കുറേ ദൂരം നടന്നപ്പോൾ 3 പ്ലം പഴങ്ങളുടെ മരങ്ങൾ കണ്ടു മരങ്ങൾ ലക്ഷ്യമാക്കി നടന്നപ്പോൾ പിറകിൽ ഒരു കുന്നും അതിനുമുകളിൽ ഒരു വീടുംകണ്ടു അവൻ ആവീടിനുള്ളിൽ കയറിയപ്പോൾ കള്ളന്മാർ നിലവിളിക്കാൻ തുടങ്ങി:

കുള്ളന്മാർ: ഹ്ഹ... ആരാണ് നീ?

അവൻ: ഞാന്നേ?ഞാൻ

കുള്ളന്മാർ: ഇവൻ കുള്ളനാണെന്ന് തോന്നുന്നു!

ഇവിടുന്ന് എന്ത് കട്ടെടുക്കാനാവന്നത് ?

അവൻ: ഞാനോ? ഞാൻ കള്ളനല്ല.

പെട്ടെന്നാണ് കുള്ളന്മാർ അവന്റെ കൈയ്യിൽ ഇരക്കുന്ന ബ്രഡ് കണ്ടത് അവരുടെ ദേഷ്യം എല്ലാം മാറി

കുള്ളന്മാർ: ഞങ്ങൾക്ക് ആബ്രഡ് വേണം പകരം നിനക്ക് എന്തുവേണമെങ്കിലും തരാം

അവൻ: തീർച്ചയായും നിങ്ങൾ ക്ക് ഞാനിത് തരാം പകരം എനിക്ക് കല്ലുകൊണ്ടുണ്ടാക്കിയ ആട്ടുകല്ല് വേണം ആട്ടുകല്ല് അവന്റെ കൈയ്യിൽ കൊടുത്തിട്ട് കുള്ളൻമാർ പറഞ്ഞു:

കുള്ളൻമാർ: ഇത് വെറും ആട്ടുകല്ലല്ല, നിന്റെ ഏതാഗ്രഹവും സാധിച്ച് തരും. കാര്യം കഴിഞ്ഞതിന് ശേഷം ഇതിനെ ഒരു ചുവന്ന തുണികൊണ്ട് മൂടുക. അപ്പോൾ ഇതിനെ നിർത്താൻ കഴിയും.

അവൻ കുള്ളൻമാരുടെ കൈയിൽ നിന്ന് ആട്ടുകല്ല് വാങ്ങി വിട്ടിലെക്ക് പോയി. വിട്ടിൽ എത്തിയപ്പോൾ വിശന്ന്നമയുടെ വീട്ടില്ലാണ് . അവൻ പെട്ടെന്ന് ഭാര്യയുടെ അടുത്ത് തറയിൽ പായ് വിരിക്കാൻ പറഞ്ഞു അവൾ അതുപോലെ ചെയ്തു എന്നിട്ട് അവൻ അതിലിരുന്ന് ആട്ടാൻതുടങ്ങി.

“ആട്ടുകല്ലെ ഒ ആട്ടുകല്ലെ എനിക്ക് ചോറുതരു ആട്ടുകല്ലെ ചോറുതരു”.

ഉടനെ ആട്ടുകല്ല് ചോറുണ്ടാക്കാൻ തുടങ്ങി അപ്പോൾ അവൻ അതിനെ ഒരു ചുവന്നതുണികൊണ്ട് മൂടി അപ്പോൾ ആട്ടുകല്ല് ചോറുണ്ടാക്കുന്നതിർതി അപ്പോൾ അവൻ തുണി മാറ്റി പിന്നെയും ആട്ടാൻ തുടങ്ങി

“ആട്ടുകല്ലെ ഒ ആട്ടുകല്ലെ എനിക്ക് കറി തരു ആട്ടുകല്ലെ കറിതരു”

ഉടനെ ആട്ടുകല്ല് കറിയുണ്ടാക്കാൻ തുടങ്ങി അതിനുശേഷം അവന് ചുവന്നതുണികൊണ്ട്അതു മൂടി അപ്പൊൾ ആട്ടുകല്ല് കറിയുണ്ടാക്കുന്നത് നിർത്തി. എല്ലാവരും വയറുനിറയെ ഭക്ഷണം കഴിച്ചു. എല്ലാ ദിവസവും അവൻ ആട്ടുകല്ലിനോട് ഒരുപാട് സാധനങ്ങൾ ആവശ്യപ്പെട്ടു , മുളക്, മല്ലി, പരിപ്പ്, പയറ് എല്ലാം എന്നിട്ട് അവൻ അത് മാർക്കറ്റിൽകൊണ്ടുപോയി വിൽക്കുമായിരുന്നു അങ്ങനെ അവൻ ധനവാനായി. നല്ല വീടുവച്ചു എല്ലാവർക്കും നല്ല വസ്ത്രവുമിടാം പക്ഷെ അവന്റെ മൂത്ത സഹോദരന് അസൂയ ആയിരുന്നു.

“ഇതെങ്ങനെ സംഭവിച്ചു കുറച്ചു ദിവസം മുൻപ് അവൻ എന്റെ അടുത്ത് തെണ്ടാൻ വന്നിരുന്നു. പക്ഷെ ഇപ്പോൾ അവൻ എന്നെക്കായ് ധനികനായിരുന്നു. ഇത് എങ്ങനെയെന്ന് കണ്ടുപിടിക്കണം. ഇങ്ങനെ പോയി മൂത്ത സഹോദരന്റെ ചിന്ത അവൻ ഇളയ സഹോദരന്റെ വീട്ടിൽ ഒളിച്ചിരിക്കുന്നു കാര്യമറിയാൻ . അവന് കാര്യം മനസ്സിലാക്കാൻ അധികം സമയംവേണ്ടിവന്നില്ല. അവൻ ആട്ടുകല്ല് മോഷ്ടിച്ചു കുടുംബവുമായി നാടുവിടാൻ തീരുമാനിച്ചു. ആ ഗ്രാമത്തിന്റെ അറ്റത്ത്മാറി ഒരു സമുദ്രതീരമുണ്ടായിരുന്നു അവൻ അവിടെയുള്ള ഒരു

**വഞ്ചിയിൽക്കയറി തുഴഞ്ഞു പോയി. കുറെക്കഴിഞ്ഞപ്പോൾ അവൻ ആട്ടുകല്ല് ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു . ആട്ടാൻതുടങ്ങി ആട്ടുകല്ലേ ഒ, ആട്ടുകല്ലേ എനിക്ക് ഉപ്പ്**

**തരൂ ആട്ടുകല്ല് ഉപ്പുണ്ടാക്കാൻ തടങ്ങി , പക്ഷെ അവന്റെ ആട്ടുകല്ല് ഉപ്പ് ഉണ്ടാക്കിക്കൊണ്ടിരുന്ന വള്ളത്തിൽ ഭാരകൂടിയതിനാൽ അവന്റെ കുടുംബം വെള്ളത്തിൽ മുങ്ങിപ്പോയി.**

**അവൻ അവന്റെ ഇളയ സഹോദരനെ നിന്ദിച്ചില്ലായിരുന്നെങ്കിൽ അവനും സന്തോഷമായി കഴിയാമായിരുന്നു.**

**ഗുണപാഠം – " അസൂയ പാടില്ല "**
**" മോഷണം പാപമാണ് "**
**" അത്യാഗ്രഹം ആപത്ത് "**

**– VIDYA**
**VIII. I**



# NATURE

“NATURE  IS THE GIFT OF GOD

TREE IS THE GIFT OF NATURE”

THE MOST PRECIOUS THING FOR MAN IS DIAMOND AND PEARLS
BUT, THE MOST PRECIOUS THING IN THE WORLD  IS THE NATURE

“ SAVE IT, CARE IT,

IT WILL PROTECT YOU”



-ARJUN PILLAI

LITTLE KITE

## എന്തുകൊണ്ട്? എന്തുകൊണ്ട്? എന്തുകൊണ്ട്?

### എക്കിൾ ഉണ്ടാകുന്നത് എന്തുകൊണ്ട്?

നമ്മുടെ ശരീരത്തിനകത്ത് നെഞ്ചറയെ ഉദരത്തിൽ നിന്നും വേർതിരിക്കുന്ന ഡയഫ്രത്തിലോ അതിലേക്കുള്ള നാഡിയിലോ ഏതെങ്കിലും തരത്തിലുള്ള അസ്വസ്ഥത അനുഭവപ്പെടുമ്പോഴാണ് എക്കിൾ ഉണ്ടാകുന്നത്. അസ്വസ്ഥ അനുഭവപ്പെടുമ്പോൾ ഡയഫ്രം പെട്ടെന്ന് ചുരുങ്ങുകയും ഈ ചുരുങ്ങൽ തടയുന്നതിനു വേണ്ടി ചെറുനാക്ക് അടയുകയും ചെയ്യുന്നു. ചെറുനാക്കിന്റെ ഈ അടിയിലാണ് നമുക്ക് എക്കിളായി അനുഭവപ്പെടുന്നത്.

അമിതമായി ചിരിക്കുമ്പോഴും ധൃതിപിടിച്ച് ഭക്ഷണം കഴിക്കുമ്പോഴും ദഹനക്കുറവുണ്ടാവുമ്പോഴുമൊക്കെ ഡയഫ്രത്തിന് അസ്വസ്ഥയുണ്ടാകാനും എക്കിൾ അനുഭവപ്പെടാനും ഇടയുണ്ട്.



AADITHYA 6 -F

# STUDENT POLICE CADET

SPC training consists of 2-year programme with a focus on developing health and physical fitness this project is a school based youth development initiative that trains high school students to evolve as future leaders .It is introduced by kerala police in 2-nd August 2010 .It is an association between educational and law enforcement in a community. A human and just society where citizens respect and follow laws willingly ,practice responsible behaviour towards others , demonstrate empathy respect and follow laws willingly ,practise responsible behaviour towards others, demonstrate empathy for weaker sections of society, participate in tackling community issues and resist threats to the natural environment .

MISSON

To unlock the potential of youth by systematic training and make them capable of becoming social leaders with global vision guided by humanitarian values. The project was launched on August 2 ,2010 in 127 high schools and higher secondary schools .Each batch contains 22 boys and 22 girls cadets .Union Home Minister has announced on 21 July 2018, that the SPC project developed by the Kerala police has been selected for implementing in all the states and union territories of India . His announcement came during the inauguration of SPC project in Hariyana.



-

**MEENAKSHI.R**

**SPC ,Cadet 9-B**

# ചിത്ര രചനയുടെ വേറിട്ട കാഴ്ചകൾ..........








**MUHAMMED SINAN**
**LITTLE KITE**



-BIJU .B . VIKRAM
HST (N.S)








SREENU SUNIL
10-E



MUHAMMED HARUN
VI- F









7.E
BY VISHnu




ARPITHA S.R
IX-D







# LITTLE KITES MEMBERS

LEADER



DEPUTY LEADER








































# നന്ദി

**അവതരണം**

## ലിറ്റിൽ കൈറ്റ്സ് 2019-2020

# എ.വി.ഗവൺമെന്റ്. എച്ച് .എസ്
# തഴവ